പതിമൂന്നാം കേരള നിയമസഭ

# പ്രിവിലേജസ്, എത്തിക്സ് എന്നിവ സംബന്ധിച്ച സമിതി
# (2014-2016)

മൂന്നാമത് റിപ്പോർട്ട്

(2015 ജൂലൈ 13-ാം തീയതി സമർപ്പിച്ചത്)

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2015

പതിമൂന്നാം കേരള നിയമസഭ

# പ്രിവിലേജസ്, എത്തിക്സ് എന്നിവ സംബന്ധിച്ച സമിതി

## (2014-2016)

**മൂന്നാമത് റിപ്പോർട്ട്**

(2015 ജൂലൈ 13-ാം തീയതി സമർപ്പിച്ചത്)

676/2015.

# ഉള്ളടക്കം


| | | | പേജ് |
|---|---|---|---|
| 1. | സമിതിയുടെ ഘടന | .. | v |
| 2. | ആമുഖം | .. | vii |
| 3. | റിപ്പോർട്ട് | .. | 1 |
| 4. | അനുബന്ധം 1 | .. | 4 |
| | അനുബന്ധം 2 | .. | 7 |
| | അനുബന്ധം 3 | .. | 10 |
| | അനുബന്ധം 4 | .. | 14 |
| | അനുബന്ധം 5 | .. | 20 |
| | അനുബന്ധം 6 | .. | 22 |
| | അനുബന്ധം 7 | .. | 26 |
| | അനുബന്ധം 8 | .. | 29 |

പ്രിവിലേജസ്, എത്തിക്സ് എന്നിവ
സംബന്ധിച്ച സമിതി
(2014-2016)

**സമിതിയുടെ ഘടന**

ചെയർമാൻ :

ശ്രീ. കെ. മുരളീധരൻ

അംഗങ്ങൾ* :

ശ്രീമതി പി. അയിഷാ പോറ്റി

ശ്രീ. സി. മമ്മൂട്ടി

ശ്രീ. മോൻസ് ജോസഫ്

ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ

ശ്രീ. റോഷി അഗസ്റ്റിൻ

ശ്രീ. സാജു പോൾ

ശ്രീ. ജി. സുധാകരൻ

ശ്രീ. കെ. സുരേഷ് കുറുപ്പ്.

നിയമസഭാ സെക്രട്ടേറിയറ്റ് :

ശ്രീ. പി. ഡി. ശാരംഗധരൻ, സെക്രട്ടറി

ശ്രീ. തോമസ് ചെട്ടുപറമ്പിൽ, ജോയിന്റ് സെക്രട്ടറി

ശ്രീ. എ. ഷാജഹാൻ, ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. പി. വി. ചന്ദ്രദാസ്, അണ്ടർ സെക്രട്ടറി.

* ശ്രീ. മാത്യു റ്റി. തോമസ്, ശ്രീ. തോമസ് ഉണ്ണിയാടൻ എന്നിവർ റിപ്പോർട്ടിന് ആധാരമായ നോട്ടീസിന്റെ പരിശോധനാ കാലയളവിൽ സമിതി അംഗങ്ങളായിരുന്നു.

# ആമുഖം

പ്രിവിലേജസ്, എത്തിക്സ് എന്നിവ സംബന്ധിച്ച സമിതിയുടെ അദ്ധ്യക്ഷനായ ഞാൻ സമിതി അധികാരപ്പെടുത്തിയതനുസരിച്ച് മുൻ ഗവൺമെന്റ് ചീഫ് വിപ്പ് ശ്രീ. പി. സി. ജോർജിനെതിരെ പ്രതിപക്ഷ ഉപനേതാവ് ശ്രീ. കോടിയേരി ബാലകൃഷ്ണൻ, എം.എൽ.എ. നൽകിയ പെരുമാറ്റച്ചട്ടലംഘന നോട്ടീസ് പരിശോധിച്ച് തയ്യാറാക്കിയ, സമിതിയുടെ മൂന്നാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

2013 മാർച്ച് മാസം 14-ാം തീയതി ഗവൺമെന്റ് ചീഫ് വിപ്പ് ആയിരുന്ന ശ്രീ. പി. സി. ജോർജ് ഒരു ചാനലിന് നൽകിയ അഭിമുഖത്തിൽ, പരേതനായ ടി. വി. തോമസ്, ശ്രീമതി കെ. ആർ. ഗൗരിയമ്മ, ശ്രീ. ആർ. ബാലകൃഷ്ണപിള്ള, ശ്രീ. കെ. ബി. ഗണേഷ് കുമാർ എന്നിവരെക്കുറിച്ച് നടത്തിയ പരാമർശങ്ങൾ പെരുമാറ്റച്ചട്ടലംഘനമാണെന്ന് കാണിച്ച് ശ്രീ. കോടിയേരി ബാലകൃഷ്ണൻ, എം. എൽ. എ. 16-3-2013-ൽ ബഹു. സ്പീക്കർ സമക്ഷം നൽകിയ നോട്ടീസും 15-3-2013-ന് ബഡ്ജറ്റ് അവതരണവേളയിൽ ബഹു. പ്രതിപക്ഷനേതാവും ഉപനേതാവും സഭയിൽ ഉന്നയിച്ച ഇതേ വിഷയവും കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 250(2), 250(3) സി എന്നിവ പ്രകാരം ബഹു. സ്പീക്കർ പ്രിവിലേജസ്, എത്തിക്സ് എന്നിവ സംബന്ധിച്ച സമിതിയുടെ പരിശോധനയ്ക്കും റിപ്പോർട്ടിനുമായി 18-3-2013-ൽ റഫർ ചെയ്യുകയുണ്ടായി.

സമിതി (2011–2014) 2013 ഏപ്രിൽ 15, മേയ് 9, നവംബർ 6 എന്നീ തീയതികളിൽ ചേർന്ന യോഗങ്ങളിൽ മേൽ വിഷയങ്ങൾ വിശദമായി പരിശോധിക്കുകയും 2013 മേയ് 9-ാം തീയതിയിലെ യോഗത്തിൽ ആരോപണവിധേയനായ മുൻ ഗവൺമെന്റ് ചീഫ് വിപ്പ് ശ്രീ. പി. സി. ജോർജിൽനിന്നും നേരിട്ട് തെളിവെടുപ്പ് നടത്തുകയും ചെയ്യുകയുണ്ടായി.

സമിതി യോഗങ്ങളിലെ ചർച്ചകളുടേയും മുൻ ഗവൺമെന്റ് ചീഫ് വിപ്പ് ശ്രീ. പി. സി. ജോർജിൽനിന്നും നടത്തിയ തെളിവെടുപ്പിന്റേയും അടിസ്ഥാനത്തിൽ സമിതി എത്തിച്ചേർന്ന നിഗമനവും സമിതി ശിപാർശയും ഉൾക്കൊള്ളുന്നതാണ് ഈ റിപ്പോർട്ട്. സമിതി യോഗനടപടിക്കുറിപ്പുകളും മറ്റ് ബന്ധപ്പെട്ട രേഖകളും ഈ റിപ്പോർട്ടിന്റെ അനുബന്ധമായി ചേർത്തിട്ടുണ്ട്.

കരട് റിപ്പോർട്ട് പരിഗണിക്കുന്നതിനായി 2014 ഫെബ്രുവരി 5-ാം തീയതി ചേർന്ന സമിതി യോഗത്തിൽ സമിതിയംഗങ്ങളായ സർവ്വശ്രീ ജി. സുധാകരൻ, മാത്യു റ്റി. തോമസ്, സാജു പോൾ എന്നിവർ സമിതി തീരുമാനത്തോട് വിയോജിപ്പ് രേഖപ്പെടുത്തി. വിയോജനക്കുറിപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു.

2015 ജൂൺ 16-ാം തീയതി ചേർന്ന സമിതി (2014–2016) യുടെ യോഗം ഈ റിപ്പോർട്ട് അംഗീകരിച്ചു.

കെ. മുരളീധരൻ,
*ചെയർമാൻ,*
*പ്രിവിലേജസ്, എത്തിക്സ് എന്നിവ സംബന്ധിച്ച സമിതി.*

തിരുവനന്തപുരം,
2015 ജൂലൈ 13.

# റിപ്പോർട്ട്

2013 മാർച്ച് മാസം 14-ാം തീയതി മുൻ ഗവൺമെന്റ് ചീഫ് വിപ്പ് ശ്രീ. പി. സി. ജോർജ് ഒരു ചാനലിന് നൽകിയ അഭിമുഖത്തിൽ, പരേതനായ ടി. വി. തോമസ്, ശ്രീമതി കെ. ആർ. ഗൗരിയമ്മ, ശ്രീ. ആർ. ബാലകൃഷ്ണപിള്ള, ശ്രീ. കെ. ബി. ഗണേഷ് കുമാർ എന്നിവരെക്കുറിച്ച് നടത്തിയ പരാമർശങ്ങൾ പെരുമാറ്റച്ചട്ടലംഘനമാണെന്ന് കാണിച്ച് ശ്രീ. കോടിയേരി ബാലകൃഷ്ണൻ, എം. എൽ. എ. 16-3-2013-ൽ ബഹു. സ്പീക്കർ സമക്ഷം നൽകിയ നോട്ടീസും (അനുബന്ധം 1) 15-3-2013-ന് ബഡ്ജറ്റ് അവതരണവേളയിൽ ബഹു. പ്രതിപക്ഷനേതാവും, ഉപനേതാവും സഭയിൽ ഉന്നയിച്ച ഇതേ വിഷയവും കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 250 (2), 250 (3)സി എന്നിവ പ്രകാരം ബഹു. സ്പീക്കർ പ്രിവിലേജസ്, എത്തിക്സ് എന്നിവ സംബന്ധിച്ച സമിതിയുടെ പരിശോധനയ്ക്കും റിപ്പോർട്ടിനുമായി 18-3-2013-ൽ റഫർ ചെയ്യുകയുണ്ടായി (ബഹു. സ്പീക്കറുടെ റൂളിംഗ്—അനുബന്ധം 2).

2013 ഏപ്രിൽ മാസം 15-ാം തീയതി ചേർന്ന പ്രിവിലേജസ്, എത്തിക്സ് എന്നിവ സംബന്ധിച്ച സമിതിയോഗം പ്രസ്തുത വിഷയം സംബന്ധിച്ച് ശ്രീ. കോടിയേരി ബാലകൃഷ്ണൻ നോട്ടീസിനോടൊപ്പം ലഭ്യമാക്കിയ സി. ഡി. വീക്ഷിക്കുകയും പ്രസ്തുത സി.ഡി.യിലുള്ളത് ശ്രീ. പി. സി. ജോർജിന്റെ തികച്ചും സ്വകാര്യ സംഭാഷണം മാത്രമാണെന്നും അത്തരത്തിൽ സംസാരിക്കേണ്ടിവന്നതിലേക്ക് അദ്ദേഹത്തെ നയിച്ച ചില കാര്യങ്ങൾ ഉണ്ടെന്നും വിലയിരുത്തി. എന്നിരുന്നാലും സ്വകാര്യ സംഭാഷണത്തിലാണെങ്കിൽപ്പോലും ഒരു ഉത്തരവാദിത്വപ്പെട്ട പദവിയിലിരിക്കുന്ന വ്യക്തി ഒരിക്കലും ഇത്തരം പദപ്രയോഗങ്ങൾ നടത്തുവാൻ പാടില്ലായിരുന്നുവെന്നും സമിതി അഭിപ്രായപ്പെട്ടു. കൂടാതെ സ്വകാര്യ സംഭാഷണങ്ങൾ വാർത്തയാക്കുന്ന പ്രവണത ശരിയല്ലെന്നും സമിതി നിരീക്ഷിച്ചു. തുടർന്ന് ഈ വിഷയത്തിൽ ആരോപണ വിധേയനായ മുൻ ഗവൺമെന്റ് ചീഫ് വിപ്പ് ശ്രീ. പി. സി. ജോർജിന്റെ ഭാഗം കേൾക്കുന്നതിനായി അദ്ദേഹത്തോട് സമിതി മുമ്പാകെ ഹാജരാകുവാനായി ആവശ്യപ്പെടാമെന്നും സമിതി തീരുമാനിച്ചു (അനുബന്ധം 3).

സമിതി ആവശ്യപ്പെട്ടതനുസരിച്ച് ശ്രീ. പി. സി. ജോർജ് 2013 മേയ് മാസം 9-ാം തീയതി സമിതി മുമ്പാകെ നേരിട്ട് ഹാജരാവുകയും അദ്ദേഹത്തിൽ നിന്നും തെളിവെടുക്കുകയും ചെയ്തു. 2013 മാർച്ച് മാസം 3-ാം തീയതിയിലെ 'മംഗളം' ദിനപ്പത്രത്തിൽ വന്ന ഒരു വാർത്തയുടെ അടിസ്ഥാനത്തിൽ, വാർത്തയിൽ പരാമർശ വിധേയനായ മന്ത്രി ശ്രീ. കെ. ബി. ഗണേഷ് കുമാറാണെന്ന് താൻ പത്രക്കാരോട് വെളിപ്പെടുത്തിയതുമായി ബന്ധപ്പെട്ടുണ്ടായ വാർത്തകളേയും ബഹളത്തേയും തുടർന്ന് 1981-ൽ ഒരു സ്ത്രീ അവരുടെ കുട്ടി ശ്രീ. പി. സി. ജോർജിന്റേതാണെന്ന് പറഞ്ഞുകൊണ്ട് കോടതിയിൽ നൽകിയ കള്ളക്കേസുമായി ബന്ധപ്പെടുത്തി തന്റെ മാന്യതയെ ചോദ്യം ചെയ്ത് ശ്രീമതി കെ. ആർ. ഗൗരിയമ്മ അഭിപ്രായപ്രകടനം നടത്തിയതിനാലാണ് 'അത് ഗൗരിയമ്മ ടി. വി. തോമസാണെന്ന് ഓർത്ത് പി. സി. ജോർജെന്ന് പറഞ്ഞു പോയതാണ്' എന്ന് ഒരു പൊതുവേദിയിൽ വച്ച് തനിക്ക് പറയേണ്ടിവന്നതെന്ന് ശ്രീ. പി. സി. ജോർജ് സമിതി മുമ്പാകെ വെളിപ്പെടുത്തി. ടി. വി. തോമസിനെ

താൻ അപമാനിച്ചിട്ടില്ലെന്നും സാംസ്കാരികവകുപ്പ് പുറത്തിറക്കിയ 'ടി. വി. തോമസ്' എന്ന പുസ്തകത്തിൽ പറഞ്ഞിട്ടുള്ള കാര്യം താൻ ക്വാട്ട് ചെയ്യുകയാണുണ്ടായതെന്നും ശ്രീമതി ഗൗരിയമ്മയ്ക്ക് തെറ്റ് പറ്റിയതാണെന്നു മാത്രമേ പറഞ്ഞിട്ടുള്ളു എന്നും അവരെ മോശക്കാരിയാക്കാൻ ഉദ്ദേശിച്ചില്ലെന്നും അതല്ലാതെ മറ്റെന്തെങ്കിലും താൻ പറഞ്ഞതായി തെളിയിക്കാമെങ്കിൽ കമ്മിറ്റി നൽകുന്ന എന്തു ശിക്ഷയും സ്വീകരിക്കാൻ തയ്യാറാണെന്നും ശ്രീ. പി. സി. ജോർജ് സമിതിയെ അറിയിച്ചു. സ്വന്തം ഗൃഹത്തിൽ വച്ച് തികച്ചും സ്വകാര്യമായി പറഞ്ഞ കാര്യങ്ങൾ അനുമതി കൂടാതെ ഒളിക്യാമറ വെച്ച് പകർത്തി അത് മാധ്യമങ്ങളിലൂടെ പ്രക്ഷേപണം ചെയ്തത് തന്നെ വേദനിപ്പിച്ചുവെന്നും സ്വകാര്യ സംഭാഷണം റെക്കോർഡ് ചെയ്യപ്പെടുമെന്ന് അറിയുമായിരുന്നെങ്കിൽ ഇപ്രകാരമുള്ള പരാമർശങ്ങൾ നടത്തുകയില്ലായിരുന്നുവെന്നും ശ്രീ. പി. സി. ജോർജ് സമിതിയെ അറിയിച്ചു. ശ്രീ. പി. സി. ജോർജ് പറഞ്ഞത് തന്നെ വളരെ വേദനിപ്പിച്ചു എന്ന് ശ്രീമതി ഗൗരിയമ്മ പറയുകയുണ്ടായെന്നും ഇത്തരത്തിൽ ഗൗരിയമ്മയ്ക്ക് പ്രയാസം ഉണ്ടായതിൽ വേദന തോന്നുന്നുണ്ടോ എന്ന് സമിതി ആരാഞ്ഞതിന് ഇക്കാര്യത്തിൽ താൻ നിയമസഭയിൽ ക്ഷമ ചോദിച്ചെന്നും ശ്രീമതി ഗൗരിയമ്മയെ കണ്ട് ഖേദം പ്രകടിപ്പിക്കാൻ തയ്യാറുണ്ടോ എന്ന സമിതിയുടെ ചോദ്യത്തിന് അതിനുള്ള സാഹചര്യം ഇപ്പോൾ നിലവിലില്ലെന്നും ശ്രീ. പി. സി. ജോർജ് മറുപടി പറഞ്ഞു. ചാനലിൽ കാണിച്ച വിഷയത്തോടുള്ള അഭിപ്രായമെന്താണെന്ന് സമിതി ആരാഞ്ഞതിന് പ്രസ്തുത വിഷയം സംപ്രേഷണം ചെയ്യപ്പെടുന്ന സാഹചര്യം താനായിട്ട് സൃഷ്ടിച്ചതല്ലെന്നും ഒരു പത്രക്കാരുടേയും ഓഫീസിലോ സ്റ്റുഡിയോയിലോ ചെന്നുപറഞ്ഞ കാര്യങ്ങളല്ല അതെന്നും തന്റെ ഗൃഹത്തിൽ വച്ച് തനിക്ക് വേദനയുളവാക്കുന്ന പരാമർശങ്ങൾ പത്രക്കാർ ചൂണ്ടിക്കാണിച്ചപ്പോൾ അപ്രകാരം സംഭവിച്ചു പോയതാണെന്നും അല്ലാതെ ആരെയും അപമാനിക്കണമെന്നോ മോശക്കാരനാക്കണമെന്നോ പരസ്യമായി അവഹേളിക്കണമെന്നോ ചിന്തിച്ചു പറഞ്ഞതല്ലെന്നും ശ്രീ. പി. സി. ജോർജ് വ്യക്തമാക്കി. പ്രസ്തുത വിശദീകരണം വിശകലനം ചെയ്ത സമിതി ഏതു വേദിയിലും ഏതു സാഹചര്യത്തിലും സഭാംഗങ്ങൾ സഭയുടെ അന്തസ്സ് ഉയർത്തിക്കാട്ടുന്ന രീതിയിൽ മാത്രമേ സഭയ്ക്കകത്തും പുറത്തും പെരുമാറുവാൻ പാടുള്ളു എന്നുള്ളത് നിഷ്ക്കർഷിക്കേണ്ടതാണ് എന്ന ശക്തമായ ഭാഷയിലുള്ള ഒരു ശിപാർശ ഇതു സംബന്ധിച്ച റിപ്പോർട്ടിൽ ഉൾപ്പെടുത്തേണ്ടതാണ് എന്ന് വിലയിരുത്തി (അനുബന്ധം 4).

ശ്രീ. പി. സി. ജോർജ് നടത്തിയ ചില പരാമർശങ്ങൾ ന്യായീകരിക്കാനാവുന്നതല്ലെന്നും അദ്ദേഹത്തിന്റെ വിശദീകരണം തൃപ്തികരമല്ലെന്നും റിപ്പോർട്ടിൽ ഉൾപ്പെടുത്തേണ്ട ശിപാർശകളെ സംബന്ധിച്ച് തീരുമാനത്തിലെത്തുന്നതിനായി 6-11-2013-ൽ ചേർന്ന യോഗത്തിൽ സമിതി വിലയിരുത്തി. ഒരു നിയമസഭാ സാമാജികനിൽ നിന്നും മാന്യമായതും ഉത്തരവാദിത്വത്തോടെയുമുള്ള പെരുമാറ്റമാണ് ജനങ്ങൾ പ്രതീക്ഷിക്കുന്നതെന്നും സമിതി നിരീക്ഷിച്ചു. നിയമസഭാംഗം എന്ന ബഹുമാന്യമായ പദവിക്ക് കോട്ടം തട്ടുന്ന രീതിയിലുള്ള പെരുമാറ്റം ഭാവിയിൽ ആവർത്തിക്കാതിരിക്കുവാൻ ശ്രീ. പി. സി. ജോർജിന് ശക്തമായ താക്കീത് നൽകുവാൻ ബഹു. സ്പീക്കറോട് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു (അനുബന്ധം 5). താക്കീതിനു പകരം ശ്രീ. പി. സി. ജോർജിനെ സഭയിൽ നിന്നും സസ്പെന്റ് ചെയ്യുന്നതിന് ശിപാർശ ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ ജി. സുധാകരൻ, മാത്യു റ്റി. തോമസ്, സാജു പോൾ എന്നീ സമിതി അംഗങ്ങൾ തീരുമാനത്തോട് വിയോജിക്കുകയും ചെയ്തു (അനുബന്ധം 6).

## സമിതിയുടെ നിഗമനം

2013 മാർച്ച് മാസം 14-ാം തീയതി മുൻ ഗവൺമെന്റ് ചീഫ് വിപ്പ് ശ്രീ. പി. സി. ജോർജ് ഒരു ചാനലിന് നൽകിയ അഭിമുഖത്തിൽ, പരേതനായ ടി. വി. തോമസ്, ശ്രീമതി കെ. ആർ. ഗൗരിയമ്മ, ശ്രീ. ആർ. ബാലകൃഷ്ണപിള്ള, ശ്രീ. കെ. ബി. ഗണേഷ് കുമാർ എന്നിവരെക്കുറിച്ച് നടത്തിയ പരാമർശങ്ങൾ ന്യായീകരിക്കാനാവുന്നതല്ലെന്നും അദ്ദേഹം സമിതി മുമ്പാകെ നൽകിയ വിശദീകരണം തൃപ്തികരമല്ലെന്നും സമിതി വിലയിരുത്തുന്നു. നിയമസഭാ സാമാജികർ വാക്കിലും പ്രവൃത്തിയിലും എറ്റവും ഉന്നതമായ നിലവാരം എപ്പോഴും പുലർത്താൻ ബാധ്യസ്ഥരാണെന്നും അതിന് മങ്ങലേൽപ്പിക്കുന്ന പ്രവൃത്തികൾ ഉണ്ടാകുന്നത് സഭയുടെ അന്തസ്സിനെത്തന്നെ ഹനിക്കുന്നതുമാണെന്നും സമിതി വിലയിരുത്തുന്നു. ആയതിനാൽ നിയമസഭാംഗം എന്ന ബഹുമാന്യമായ പദവിക്ക് കോട്ടം തട്ടുന്ന രീതിയിലുള്ള പെരുമാറ്റം ഭാവിയിൽ ആവർത്തിക്കാതിരിക്കുവാൻ ശ്രീ. പി. സി. ജോർജിനെതിരെ നടപടി സ്വീകരിക്കുവാൻ ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

## സമിതിയുടെ ശിപാർശ

2013 മാർച്ച് മാസം 14-ാം തീയതി മുൻ ഗവൺമെന്റ് ചീഫ് വിപ്പ് ശ്രീ. പി. സി. ജോർജ് ഒരു ചാനലിന് നൽകിയ അഭിമുഖത്തിൽ, പരേതനായ ടി. വി. തോമസ്, ശ്രീമതി കെ. ആർ. ഗൗരിയമ്മ, ശ്രീ. ആർ. ബാലകൃഷ്ണപിള്ള, ശ്രീ. കെ. ബി. ഗണേഷ് കുമാർ എന്നിവരെക്കുറിച്ച് നടത്തിയ പരാമർശങ്ങൾ ന്യായീകരിക്കാനാവുന്നതല്ലെന്നും ഇക്കാര്യത്തിൽ ശ്രീ. പി. സി. ജോർജ് സമിതി മുമ്പാകെ നൽകിയ വിശദീകരണം തൃപ്തികരമല്ലെന്നും സമിതി വിലയിരുത്തുന്നു. ഒരു നിയമസഭാ സാമാജികനിൽ നിന്നും മാന്യമായതും ഉത്തരവാദിത്വത്തോടെയുള്ളതുമായ പെരുമാറ്റമാണ് ജനങ്ങൾ പ്രതീക്ഷിക്കുന്നതെന്നും നിയമസഭാംഗം എന്ന ബഹുമാന്യമായ പദവിക്ക് കോട്ടം തട്ടുന്ന രീതിയിലുള്ള പെരുമാറ്റം ഭാവിയിൽ ആവർത്തിക്കാതിരിക്കുവാൻ ശ്രീ. പി. സി. ജോർജിന് താക്കീത് നൽകുവാൻ സമിതി ശിപാർശ ചെയ്യുന്നു.

കെ. മുരളീധരൻ,<br>
*ചെയർമാൻ,*<br>
*പ്രിവിലേജസ്, എഥിക്സ് എന്നിവ സംബന്ധിച്ച സമിതി.*

തിരുവനന്തപുരം,<br>
2015 ജൂലൈ 9.

അനുബന്ധം 1

16-3-2013.

ബഹു. സ്പീക്കർ,
കേരള നിയമസഭ.

സർ,

2013 മാർച്ച് 14-ാം തീയതി രാവിലെ, ഗവ. ചീഫ് വിപ്പ് ശ്രീ. പി. സി. ജോർജ് റിപ്പോർട്ടർ ചാനലിലെ ലേഖകന് നൽകിയ അഭിമുഖത്തിൽ, ഈ സഭയിലെ മുൻഅംഗവും മുൻമന്ത്രിയും സി.പി.ഐ. നേതാവുമായ പരേതനായ ശ്രീ. ടി. വി. തോമസിനേയും ഈ സഭയിൽതന്നെ വളരെക്കാലം അംഗങ്ങളും മന്ത്രിമാരും ആയിരുന്ന ശ്രീമതി കെ. ആർ. ഗൗരിയമ്മ, ശ്രീ. ആർ. ബാലകൃഷ്ണപിള്ള, നിലവിൽ സഭാംഗവും മന്ത്രിയുമായ ശ്രീ. കെ. ബി. ഗണേഷ് കുമാർ എന്നിവരെ കേട്ടാലറയ്ക്കുന്ന പദങ്ങൾ കൊണ്ട് തെറിയഭിഷേകം നടത്തിയിരിക്കുകയാണ്. ഈ രംഗങ്ങളെല്ലാം തന്നെ റിപ്പോർട്ടർ ചാനൽ അന്ന് രാവിലെ മുതൽ സംപ്രേഷണം ചെയ്തുകൊണ്ടിരുന്നു. അഭിമുഖത്തിലെ പരാമർശങ്ങൾ, വിവിധ പത്രമാധ്യമങ്ങളിൽ പിറ്റേദിവസം അച്ചടിച്ചു വന്നു. അതിൽ ചിലത് താഴെക്കൊടുക്കുന്നു:

"................എനിക്ക് ആരെയും പേടിയുമില്ല. (പിന്നെ ഗൗരിയമ്മയെ തെറി), ടി. വി. തോമസിന് നാടുനീളെ മക്കളുണ്ടായിരുന്നു. അതുപോലെ പി. സി. ജോർജിനില്ല............"

"................ഞാൻ ആകെ ചെയ്തതെന്താ................ രാജ്യം മുഴുവൻ പെണ്ണുപിടിച്ച് നടക്കുന്ന ഒരുത്തനെതിരെ പറഞ്ഞതാണോ തെറ്റ്? 22 പേരുടെ ലിസ്റ്റ് എന്റെ കൈയിലിരിക്കുകയാണ്. ഒരു പെണ്ണിന്റെ ഭർത്താവാണ് അൽപ്പംമുമ്പ് എന്നെ ഫോണിൽ വിളിച്ചുകൊണ്ടിരുന്നത്. ഇതൊന്നും അറിയാനും പറയാനും ഒരുത്തനുമില്ല (കാതടപ്പിക്കുന്ന അസഭ്യം). ചാനലുകൾ ഇപ്പോൾ ബ്രേക്കിംഗ് ന്യൂസ് കൊണ്ടുവരികയാണ്. അച്ചാമ്മയെ കാണാനില്ലെന്ന്. എന്താ ഞാൻ അവരെ വല്ലയിടത്തും കയറ്റി ഒളിപ്പിച്ചിരിക്കുകയാണോ? 16 തന്തയുള്ളവർ ചെയ്യുമോ ഈ പണി......................"

ഈ വാർത്ത ഏതാണ്ട് എല്ലാ ദിനപത്രങ്ങളിലും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ദേശാഭിമാനി ദിനപത്രത്തിൽ (15-3-2013) വന്ന വാർത്തയും റിപ്പോർട്ടർ ചാനലിലെ വാർത്തയുമായി ഞാൻ ഒത്തുനോക്കുകയും, ഒന്നാണെന്ന് ബോധ്യമാവുകയും ചെയ്തിട്ടുണ്ട് (റിപ്പോർട്ടർ ചാനലിൽ വന്ന വാർത്തയുടെ സി. ഡി. ബഹു. സ്പീക്കറുടെ പരിശോധനയ്ക്കായി ഇതോടൊന്നിച്ച് സമർപ്പിക്കുന്നു). എന്നുമാത്രമല്ല, ചാനലിലൂടെ പി. സി. ജോർജ് പറഞ്ഞ പല വാക്കുകളും പ്രസിദ്ധീകരിക്കാൻ കഴിയാത്തവയായതുകൊണ്ട്, അവ നീക്കിയാണ് വാർത്ത പ്രസിദ്ധീകരിക്കുന്നതെന്ന് ദേശാഭിമാനി എഡിറ്റർ രേഖപ്പെടുത്തിയിട്ടുണ്ട് (ഇത്തരത്തിൽ റിപ്പോർട്ടർ ചാനലിലെ വാർത്താവതാരകനും പറഞ്ഞിട്ടുണ്ട്).

ഇതിൽനിന്നും ഈ സഭയിലെ അംഗമായ പി. സി. ജോർജ് നടത്തിയിട്ടുള്ള പരാമർശങ്ങൾ എത്രത്തോളം മ്ലേച്ഛമായിരുന്നുവെന്ന് മനസ്സിലാക്കാവുന്നതാണ്. ജോർജിന്റെ ഈ പരാമർശങ്ങളെല്ലാംതന്നെ ദൃശ്യമാധ്യമങ്ങളും പത്രമാധ്യമങ്ങളിലും വലിയ പ്രചാരം ലഭിച്ചു. ഒരു നിയമസഭാംഗം ഇത്തരത്തിൽ മ്ലേച്ഛമായ പദപ്രയോഗം നടത്തുന്നത് ശ്രവിക്കാനിടയായ സാമാന്യജനങ്ങളുടെ മുന്നിൽ ഈ സഭയുടെ അഭിമാനത്തിന് ക്ഷതം സംഭവിച്ചിരിക്കുകയാണ്. സഭാദ്ധ്യക്ഷനായ അങ്ങ് ഇടപെട്ട് ഇത്തരത്തിൽ ഒരു സഭാംഗത്തിന് നിരക്കാത്ത രീതിയിൽ പൊതുജീവിതത്തിൽ പെരുമാറുന്ന പി. സി. ജോർജിനെതിരെ നടപടിയെടുക്കണമെന്ന് ഞാൻ ആവശ്യപ്പെടുന്നു.

ഇതോടൊപ്പംതന്നെ പി. സി. ജോർജ് ഇക്കഴിഞ്ഞ കാലങ്ങളിൽ ബഹുജന നേതാക്കളെ വ്യക്തിഹത്യ നടത്താനും ബ്ലാക്ക്മെയിൽ ചെയ്യാനും ശ്രമിച്ചിട്ടുള്ള കാര്യവും അങ്ങ് ഓർക്കുമല്ലോ. ഈ സഭയിലെ ഒരു അംഗത്തിനെ ജാതി പറഞ്ഞ് ആക്ഷേപിച്ചതും, പ്രതിപക്ഷാംഗങ്ങളെ തെണ്ടികളെന്ന് അഭിസംബോധന ചെയ്തതും സഭയിൽ ഏറെ ഒച്ചപ്പാടുണ്ടാക്കിയിട്ടുള്ളതാണ്. അന്നൊക്കെ തന്റെ പരാമർശങ്ങളിൽ ഖേദം പ്രകടിപ്പിച്ച ജോർജ് തുടർന്നും ഇടതടവില്ലാതെ സഭാംഗത്തിന് നിരക്കാത്തതായ പരാമർശങ്ങൾ നടത്തിക്കൊണ്ടിരിക്കുകയാണ്.

പ്രതിപക്ഷകക്ഷിയിലെ അംഗങ്ങൾ തെണ്ടികളാണെന്ന പരാമർശം സംബന്ധിച്ച് സഭയിൽ വിവിധ അംഗങ്ങൾ ഉന്നയിച്ചപ്പോൾ, അങ്ങ് ഇതു സംബന്ധിച്ച് റൂളിംഗും നൽകിയിട്ടുള്ളത്. എന്നാൽ, ആ റൂളിംഗ് നൽകി, മഷി ഉണങ്ങുന്നതിന് മുമ്പാണ് വീണ്ടും ഇത്തരത്തിൽ ഒരു പരാമർശം ജോർജിന്റെ ഭാഗത്തുനിന്ന് വീണ്ടും ഉണ്ടായിരിക്കുന്നത്. അസഭ്യങ്ങൾ വിളിച്ച് പറയുകയും ചർച്ചയാകുമ്പോൾ മാപ്പ് പറയുകയും, വീണ്ടും ഇതാവർത്തിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്ന പ്രത്യേക നിലപാടാണ് ജോർജ് സ്വീകരിച്ചുവരുന്നത്.

അംഗങ്ങളുടെ പെരുമാറ്റത്തെ സംബന്ധിച്ച് ശക്തർ & കൗളിന്റെ 'പ്രാക്ടീസ് & പ്രൊസിഡ്യൂർ ഓഫ് പാർലമെന്റ്''-ൽ ഇങ്ങനെ പറയുന്നു:

"In order to maintain the highest traditions in parliamentary life, members of Parliament are expected to observe a certain standard of conduct, both inside the House as well as outside it. Their behaviour should be such as to enhance the dignity of Parliament and its members in general. The conduct of members should not be contrary to the usage, or derogatory to the dignity of the House or in any way inconsistent with the standards which Parliament is entitled to expect of its members" (Chapter XII)

അതത് നിയമനിർമ്മാണസഭയിലെ അംഗങ്ങൾ സഭയുടെയും അതിലെ അംഗങ്ങളുടെയും അന്തസ്സ് ഉയർത്തിക്കാട്ടുന്ന രീതിയിൽ മാത്രമേ സഭയ്ക്ക് പുറത്ത് പെരുമാറാൻ പാടുള്ളുവെന്നാണ്. എന്നുമാത്രമല്ല, ഓരോ അംഗത്തിന്റെയും പെരുമാറ്റത്തെ സംബന്ധിച്ച് പരിശോധിക്കാനും അത് സഭയുടെ അന്തസ്സിന് നിരക്കാത്ത

രീതിയിലാണെങ്കിൽ പ്രസ്തുത അംഗത്തെ ശിക്ഷിക്കാനുള്ള അധികാരവും ഈ സഭയ്ക്കുണ്ട്. ഇതുസംബന്ധിച്ച് ശക്തർ & കൗൾ വിശദമായിത്തന്നെ പരാമർശിച്ചിട്ടുണ്ട്. അതിൽ ഇങ്ങനെ പറയുന്നു:

"The extent and amplitude of the words "conduct of a member" have not been defined exhaustively, and it is within the powers of the House in each case to determine whether a member has acted in an unbecoming manner or has acted in a manner unworthy of a Member of Parliament. Thus, even though the facts of a particular case do not come within any of the recognized heads of breach of privilege or contempt of the House, the conduct of a member may be considered by the House as unbecoming and derogatory to the dignity of the House.

The House has the right to punish its members for their misconduct. *It exercises its jurisdiction of scrutiny over its members for their conduct whether it takes place inside or outside the House."*

അതായത്, ജോർജിന്റെ വിവാദപരാമർശങ്ങൾ പരിശോധിക്കുന്നതിനും അതനുസരിച്ച് യുക്തമായ ശിക്ഷ വിധിക്കുന്നതിനും ഈ സഭയ്ക്ക് അധികാരമുണ്ട്.

കേരള നിയമസഭാംഗങ്ങൾക്കുള്ള പെരുമാറ്റച്ചട്ടത്തിലെ ചട്ടം 50 പ്രകാരം അംഗങ്ങൾ പൊതുജീവിതത്തിൽ ഉയർന്ന നിലവാരത്തിലുള്ള സാന്മാർഗ്ഗികതയും അന്തസ്സും മര്യാദയും മൂല്യങ്ങളും നിലനിർത്തേണ്ടതാണ്. ഇത് ലംഘിച്ചാൽ ലംഘനം സംബന്ധിച്ച പരാതികൾ പരിശോധനയ്ക്കും അതിൻമേലുള്ള റിപ്പോർട്ടിനും വേണ്ടി പ്രിവിലേജസും എത്തിക്സും സംബന്ധിച്ച കമ്മിറ്റിക്ക് റഫർ ചെയ്യാവുന്നതാണ് എന്ന് പറയുന്നു.

മേൽപ്പറഞ്ഞ വസ്തുതകൾ പരിഗണിച്ച് ശ്രീ. പി. സി. ജോർജിനെ ഗവ. ചീഫ് വിപ്പ് സ്ഥാനത്തുനിന്ന് നീക്കം ചെയ്യുന്നതുൾപ്പെടെയുള്ള യുക്തമായ തീരുമാനം കൈക്കൊള്ളണമെന്ന് സഭാദ്ധ്യക്ഷനായ അങ്ങയോട് അഭ്യർത്ഥിക്കുന്നു.

വിശ്വസ്തതയോടെ,

(ഒപ്പ്)

കോടിയേരി ബാലകൃഷ്ണൻ.

അനുബന്ധം 2

## റൂളിംഗ്

ചീഫ് വിപ്പ് ശ്രീ. പി. സി. ജോർജ് സഭയ്ക്ക് പുറത്തു നടത്തിയ ചില പരാമർശങ്ങൾ ഒരു ചാനൽ ഒളികൃാമറയിൽ പകർത്തി 14-3-2013-ൽ സംപ്രേഷണം ചെയ്തിരുന്നു. അതിൽ അദ്ദേഹം ചില രാഷ്ട്രീയ നേതാക്കളെ കുറിച്ച് നടത്തിയ പരാമർശങ്ങൾ പ്രസ്തുത ദിവസം ചേർന്ന കക്ഷിനേതാക്കളുടെ യോഗത്തിൽ ചർച്ചയ്ക്ക് വരുകയും മോശമായ പരാമർശങ്ങൾ നടത്തിയതിൽ ശ്രീ. പി. സി. ജോർജ് ക്ഷമ ചോദിക്കുകയും ചെയ്തിരുന്നു. മാർച്ച് 15-ാം തീയതി ഈ വിഷയം ബഡ്ജറ്റ് അവതരണ വേളയിൽ പ്രതിപക്ഷനേതാവും പ്രതിപക്ഷ ഉപനേതാവും സഭയിൽ ഉന്നയിക്കുകയും ശ്രീ. പി. സി. ജോർജ് സഭയിൽ നടത്തിയ ഖേദപ്രകടനം അംഗീകരിക്കുന്നില്ലെന്നും അദ്ദേഹത്തിനെതിരെ സഭാംഗങ്ങളുടെ പെരുമാറ്റ ചട്ടത്തിന്റെ ലംഘനത്തിന് നടപടി എടുക്കണമെന്നും ആവശ്യപ്പെട്ടിരുന്നു. ചട്ടം പരിശോധിച്ചശേഷം ഇക്കാര്യത്തിൽ നടപടി സ്വീകരിക്കാമെന്ന് ചെയർ സഭയ്ക്ക് ഉറപ്പ് നൽകിയിരുന്നു. ശ്രീ. കോടിയേരി ബാലകൃഷ്ണൻ കഴിഞ്ഞ ദിവസം രേഖാമൂലംതന്നെ ചെയറിന് പരാതിയും നൽകിയിട്ടുണ്ട്.

ഭരണഘടനയുടെ അനുച്ഛേദം 194 നിയമസഭയ്ക്കും അതിലെ അംഗങ്ങൾക്കും സമിതികൾക്കും പ്രത്യേക അധികാരങ്ങളും വിശേഷാവകാശങ്ങളും നൽകിയിട്ടുണ്ട്. സഭയ്ക്കുള്ളിലെ സംസാര സ്വാതന്ത്ര്യമാണ് അതിൽ ഏറ്റവും മഹത്തരമായിട്ടുള്ളത്. സഭാംഗങ്ങൾക്ക് ഭരണഘടനാനുസൃതമായി ലഭിച്ചിട്ടുള്ള ഈ പരമമായ അവകാശം അവരെ മറ്റുള്ളവരിൽനിന്നും വ്യത്യസ്തരാക്കുകയും അതുവഴി കൂടുതൽ ഉത്തരവാദിത്വത്തോടെ പെരുമാറുന്നതിനും സംസാരിക്കുന്നതിനും ബാധ്യസ്ഥരാക്കുകയും ചെയ്യുന്നു. സഭയ്ക്ക് പുറത്തുള്ള സംസാരത്തിന് അംഗങ്ങൾക്ക് പ്രത്യേക പരിരക്ഷ ഒന്നുമില്ല.

സഭയ്ക്കുള്ളിൽ സംസാരിക്കുമ്പോൾ ഒരംഗം എപ്രകാരം പെരുമാറണമെന്ന് അംഗങ്ങൾക്കുള്ള പെരുമാറ്റച്ചട്ടത്തിന്റെ ചട്ടം 5-ൽ വ്യക്തമാക്കിയിട്ടുണ്ട്. രാജ്യദ്രോഹപരമോ, പ്രക്ഷോഭാത്മകമോ, അപകീർത്തികരമോ ആയ വാക്കുകൾ ഉപയോഗിക്കുന്നതിൽ നിന്നും, സഭായോഗ്യമല്ലാത്ത വാക്കുകൾ പ്രയോഗിക്കുന്നതിൽനിന്നും അംഗത്തെ വിലക്കിയിട്ടുണ്ട്. സഭയ്ക്ക് പുറത്തുള്ള അംഗങ്ങളുടെ പെരുമാറ്റച്ചട്ടങ്ങളും പൊതുസദാചാര തത്വങ്ങളും 33 മുതൽ 50 വരെയുള്ള ചട്ടങ്ങളിൽ വ്യക്തമാക്കിയിട്ടുണ്ട്. സാമാജികർ തങ്ങളുടെ സ്ഥാനം ജനങ്ങളുടെ പൊതുനന്മ വളർത്തുന്നതിന് ഉപയോഗിക്കണമെന്നും അംഗങ്ങൾ പൊതുജീവിതത്തിൽ ഉയർന്ന നിലവാരത്തിലുള്ള സാന്മാർഗ്ഗികതയും അന്തസ്സും മര്യാദയും മൂല്യങ്ങളും നിലനിർത്തണമെന്നും ചട്ടം 50 വ്യക്തമായി നിഷ്കർഷിക്കുന്നുണ്ട്.

"എഥിക്സ് കമ്മിറ്റി ഓഫ് രാജ്യസഭ" എന്ന പുസ്തകത്തിലെ ഒരു ഭാഗം ഈ സന്ദർഭത്തിൽ പ്രസക്തമാണെന്ന് ചെയർ കരുതുന്നു. "That there has been general erosion of moral values in all walks of life cannot be denied. Role of people's representatives, who are largely responsible for guiding the system in such

situation, therefore, becomes very critical. Members of Parliament/Legislatures as people's representatives, are looked at by the people as their role models and the ones who are guiding their destiny, have, therefore, to be beyond the realm of any kind of suspicion. By and large, the ideological base and the spirit of service which should activate most of them is getting eroded and the kind of elements who are trying to influence the political parties and the political system at large, may everybody think as to how probity in the entire system could be ensured."

നിയമസഭാ സാമാജികർ വാക്കിലും പ്രവർത്തിയിലും എപ്പോഴും ഉന്നത നിലവാരം പുലർത്താൻ ബാധ്യസ്ഥരാണ്. അതിന് മങ്ങലേല്പിക്കുന്ന കാര്യങ്ങൾ ഉണ്ടാകുന്നത് അത്യന്തം വേദനാജനകവും അംഗങ്ങളുടെയും അതിലൂടെ സഭയുടെയും അന്തസ്സിനെ ഹനിക്കുന്നതുമാണ്. ജനാധിപത്യ സ്ഥാപനങ്ങളിലുള്ള ജനങ്ങളുടെ വിശ്വാസമാണ് പ്രസ്തുത സ്ഥാപനങ്ങളുടെ നിലനില്പിന് അത്യന്താപേക്ഷിതമായിട്ടുള്ള കാര്യം. പ്രസ്തുത വിശ്വാസത്തിന് കോട്ടം തട്ടുന്നത് ജനാധിപത്യ സ്ഥാപനങ്ങളുടെ ആണിക്കല്ലിന് ഇളക്കമുണ്ടാക്കും എന്ന കാര്യത്തിൽ സംശയമില്ല.

ശ്രീ. പി. സി. ജോർജിന്റെ സഭയ്ക്ക് പുറത്തുള്ള ചില പ്രസംഗങ്ങൾ പെരുമാറ്റച്ചട്ടലംഘനമാണെന്ന ആക്ഷേപം ഈ സഭയിൽ തന്നെ പലതവണ ഉന്നയിച്ചിട്ടുള്ളതാണ്. പ്രസ്തുത സന്ദർഭങ്ങളിലെല്ലാം അദ്ദേഹം ക്ഷമ ചോദിക്കുകയും സഭ അത് അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. ഇപ്രാവശ്യം സർവ്വാദരണീയരായിട്ടുള്ള ചില വ്യക്തികളെക്കുറിച്ച് അദ്ദേഹം നടത്തിയ പരാമർശങ്ങൾ സഭ്യതയുടെ എല്ലാ സീമകളും ലംഘിക്കുന്നതാണെന്നാണ് പൊതുവെ ഉയർന്നുവന്ന ആക്ഷേപം.

സഭയിലെ അംഗങ്ങളുടെ പെരുമാറ്റച്ചട്ടലംഘനമായി ആരോപിക്കുന്ന കേസ്സുകൾ പരിശോധിക്കുന്നതിനും അംഗങ്ങളുടെ സഭയ്ക്ക് അകത്തും പുറത്തുമുള്ള അധാർമ്മികവും സദാചാരവിരുദ്ധവുമായ നടപടികൾ സംബന്ധിച്ച് പരിശോധിച്ച് റിപ്പോർട്ട് നൽകുന്നതിനും പ്രിവിലേജസും എത്തിക്സും സംബന്ധിച്ച സമിതിക്ക് അധികാരമുണ്ട്. അതിനാൽ 15-3-2013-ൽ സഭയിൽ ശ്രീ. പി. സി. ജോർജിനെതിരെ ഉന്നയിച്ച പ്രശ്നവും ശ്രീ. കോടിയേരി ബാലകൃഷ്ണൻ നൽകിയ നോട്ടീസിൽ ഉന്നയിച്ചിട്ടുള്ള കാര്യങ്ങളും പരിശോധിച്ച് റിപ്പോർട്ട് ചെയ്യുന്നതിനുമായി നിയമസഭാ നടപടിച്ചട്ടം 250(2), 250(3)സി എന്നീ ചട്ടപ്രകാരം പ്രസ്തുത സമിതിക്ക് അയയ്ക്കുന്നു.

15-3-2013-ൽ ശ്രീ. പി. സി. ജോർജിന് എതിരെയുള്ള പ്രശ്നം സഭയിൽ ഉന്നയിച്ച വേളയിൽ ശ്രീ. വി. എസ്. സുനിൽ കുമാർ ചെരുപ്പ് കൈയിലെടുത്ത് ഭരണപക്ഷ അംഗങ്ങൾക്ക് നേരെ എറിയുന്നതിന് തുനിഞ്ഞു എന്ന ഒരു പരാതി ശ്രീ. ജോസഫ് വാഴയ്ക്കൻ ചെയറിന് നൽകിയിട്ടുണ്ട്. പ്രസ്തുത ദിവസത്തെ വീഡിയോ ദൃശ്യങ്ങൾ ചെയർ പരിശോധിച്ചു. ആരോപണം ശരിയാണെന്ന് ചെയറിന് ബോദ്ധ്യമായി. ഇത്തരം കാര്യങ്ങൾ സഭയ്ക്കുള്ളിൽ ഒരിക്കലും ആവർത്തിക്കുവാൻ പാടില്ല.

ശ്രീ. വി. എസ്. സുനിൽ കുമാറിന്റെ ഭാഗത്തുനിന്നും ഉണ്ടായ ഗുരുതരമായ ഈ അച്ചടക്കലംഘനത്തെ ചെയർ അപലപിക്കുകയും അദ്ദേഹത്തെ ശക്തമായി താക്കീത് ചെയ്യുകയും ചെയ്യുന്നു. സഭയുടെ അന്തസ്സിന് നിരക്കാത്ത ഇത്തരം പെരുമാറ്റം അംഗങ്ങളുടെ ഭാഗത്തുനിന്നും ഉണ്ടാവുകയാണെങ്കിൽ കർശന നടപടികൾ സ്വീകരിക്കുവാൻ ചെയർ ബാധ്യസ്ഥനാവും.

അനുബന്ധം 3

## പതിമൂന്നാം കേരള നിയമസഭ

## പ്രിവിലേജസ്, എത്തിക്സ് എന്നിവ സംബന്ധിച്ച സമിതിയുടെ 2013 ഏപ്രിൽ 15-ാം തീയതിയിലെ യോഗനടപടിക്കുറിപ്പ്

പ്രിവിലേജസ്, എത്തിക്സ് എന്നിവ സംബന്ധിച്ച സമിതിയുടെ യോഗം 2013 ഏപ്രിൽ മാസം 15-ാം തീയതി തിങ്കളാഴ്ച ഉച്ചയ്ക്ക് 12 മണിക്ക് നിയമസഭാ കോംപ്ലക്സിലെ 'V A' കോൺഫറൻസ് ഹാളിൽ സമിതി ചെയർമാൻ ശ്രീ. കെ. മുരളീധരൻ, എം.എൽ.എ.യുടെ അദ്ധ്യക്ഷതയിൽ ചേരുകയുണ്ടായി. യോഗത്തിൽ താഴെപ്പറയുന്ന അംഗങ്ങൾ സന്നിഹിതരായിരുന്നു:

1. ശ്രീമതി പി. അയിഷാ പോറ്റി, എം. എൽ. എ.
2. ശ്രീ. സി. മമ്മൂട്ടി, എം. എൽ. എ.
3. ശ്രീ. സാജു പോൾ, എം. എൽ.എ.
4. ശ്രീ. തോമസ് ഉണ്ണിയാടൻ, എം. എൽ. എ.

നിയമസഭാ സെക്രട്ടേറിയറ്റ്:

1. ശ്രീ. വിൽസൻ വി. ജോൺ, അഡീഷണൽ സെക്രട്ടറി
2. ശ്രീ. തോമസ് ചെട്ടുപറമ്പിൽ, ഡെപ്യൂട്ടി സെക്രട്ടറി.

ഹാജരായ ഉദ്യോഗസ്ഥൻ

ശ്രീ. കെ. സുരേഷ് കുമാർ, സെക്രട്ടറി, ഉദ്യോഗസ്ഥ ഭരണ പരിഷ്കാര (ഔദ്യോഗിക ഭാഷ) വകുപ്പ്.

പ്രസ്തുത യോഗത്തിൽ സമിതി താഴെപ്പറയുന്ന വിഷയങ്ങൾ പരിഗണിച്ചു:

(1) ശ്രീ. വി. ഡി. സതീശൻ, എം.എൽ.എ. നൽകിയ അവകാശലംഘന നോട്ടീസിന്റെ അടിസ്ഥാനത്തിൽ ഉദ്യോഗസ്ഥ ഭരണ പരിഷ്കാര (ഔദ്യോഗിക ഭാഷ) വകുപ്പ് സെക്രട്ടറി ശ്രീ. കെ. സുരേഷ് കുമാർ നൽകിയ മറുപടി

ബഹു. പ്രതിപക്ഷനേതാവിനെതിരെ ശ്രീ. പി. സി. വിഷ്ണുനാഥ്, എം.എൽ.എ. നിയമസഭയിൽ ഉന്നയിച്ച ആരോപണങ്ങളെ കുറിച്ച് അന്വേഷിക്കുന്നതിനായി രൂപീകരിച്ച പ്രത്യേക നിയമസഭാ സമിതിയുടെ ചെയർമാൻ ശ്രീ. വി. ഡി. സതീശൻ, എം.എൽ.എ. ഉദ്യോഗസ്ഥ ഭരണ പരിഷ്കാര (ഔദ്യോഗിക ഭാഷ) വകുപ്പ് സെക്രട്ടറി ശ്രീ. കെ. സുരേഷ് കുമാറിനെതിരെ നൽകിയ അവകാശ ലംഘന നോട്ടീസിന്മേൽ സമിതി ശ്രീ. കെ. സുരേഷ് കുമാറിൽ നിന്നും തെളിവെടുത്തു.

ശ്രീ. വി. ഡി. സതീശൻ, എം. എൽ. എ. നൽകിയ അവകാശലംഘന നോട്ടീസിന്റെ അടിസ്ഥാനത്തിൽ ശ്രീ. കെ. സുരേഷ് കുമാർ സമിതിക്ക് നൽകിയ വിശദീകരണത്തിൽ അവകാശലംഘനം അടങ്ങിയിട്ടുള്ളതിനാലാണ്

ഇത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കണമെന്ന് സമിതി ആവശ്യപ്പെട്ടതെന്നും അതിൻപ്രകാരം സമിതി മുമ്പാകെ സമർപ്പിച്ച ഖേദം പ്രകടിപ്പിച്ചുകൊണ്ടുള്ള കത്ത് സമിതി പരിശോധിച്ചെന്നും ആയതിന്റെ അടിസ്ഥാനത്തിൽ ഈ വിഷയം സംബന്ധിച്ച് നേരിട്ട് തെളിവെടുക്കുവാനാണ് സമിതി മുമ്പാകെ വിളിച്ചുവരുത്തിയിരിക്കുന്നതെന്നും ആമുഖമായി പറഞ്ഞുകൊണ്ട് സമിതി മുമ്പാകെ നൽകിയ ക്ഷമാപണത്തിൽ കൂടുതൽ എന്തെങ്കിലും ബോധിപ്പിക്കുവാനുണ്ടോ എന്ന് ചെയർമാൻ ശ്രീ. കെ. സുരേഷ് കുമാറി നോട് ആരാഞ്ഞു. നിയമസഭാംഗങ്ങളോടോ കമ്മിറ്റി ചെയർമാനോടോ ഒരു തരത്തിലും ഒരു അനാദരവും താൻ നൽകിയ വിശദീകരണത്തിൽ ഉദ്ദേശിച്ചിരുന്നില്ലെന്നും ശ്രീ. വി. ഡി. സതീശൻ, എം. എൽ. എ. ചെയർമാനായ പ്രത്യേക നിയമസഭാ കമ്മിറ്റിയുടെ 23-11-2011-ലെ യോഗത്തിൽ എന്ത് തെളിവാണ് കൊടുത്തത് എന്നായിരുന്നില്ല യോഗാനന്തരം പുറത്തുവന്ന തന്നോട് മാധ്യമപ്രവർത്തകർ ചോദിച്ച തെന്നും താൻ ഐ.ടി. സെക്രട്ടറിയായിരുന്ന കാലത്ത് ശ്രീ. അരുൺ കുമാറിനെ ഐ.സി.റ്റി. അക്കാദമി ഡയറക്ടറായി നിയമിച്ചിട്ടുണ്ടോ എന്ന് ചോദിച്ച സന്ദർഭത്തിലാണ് നിയമിച്ചിട്ടില്ല എന്ന് മറുപടി പറഞ്ഞതെന്നും അതല്ലാതെ കമ്മിറ്റി നടപടികൾ താൻ വെളിപ്പെടുത്തിയിട്ടില്ലെന്നും ശ്രീ. കെ. സുരേഷ് കുമാർ മറുപടി പറഞ്ഞു.

തുടർന്ന് നടന്ന ചർച്ചയിൽ ഏത് സാഹചര്യത്തിലായാലും നിയമസഭാ സമിതിയുടെ മുമ്പാകെ പറയുന്ന കാര്യങ്ങൾ മാധ്യമപ്രവർത്തകരോട് വെളിപ്പെടുത്തുവാൻ പാടില്ലെന്ന് സമിതി അഭിപ്രായപ്പെട്ടു. നമ്മൾ ഉൾപ്പെടുന്ന ഒരു വിഷയം നിയമസഭാ കമ്മിറ്റിയുടെ പരിഗണനയിലിരിക്കുന്ന അവസരത്തിൽ നമ്മളെക്കുറിച്ച് ഒരു ആരോപണം വന്നാൽപ്പോലും ആരോപണം തെറ്റാണെന്ന് ധരിപ്പിക്കേണ്ടത് കമ്മിറ്റി മുമ്പാകെ യാണെന്നും കമ്മിറ്റി അതിനെക്കുറിച്ച് റിപ്പോർട്ട് തയ്യാറാക്കി നിയമസഭയിൽ സമർപ്പിക്കുന്ന തുവരെ അതിനെക്കുറിച്ച് വെളിപ്പെടുത്തുവാൻ ആർക്കും അധികാരമില്ലെന്നും സമിതി അഭിപ്രായപ്പെട്ടു. തുടർന്ന 'പത്രപ്രവർത്തകരോട് പറഞ്ഞത് തെറ്റാണെന്ന് ഇപ്പോഴും കരുതുന്നില്ലേ' എന്ന സമിതിയുടെ ചോദ്യത്തിന് തന്നോട് മാധ്യമപ്രവർത്തകർ ചോദിച്ചതോ താൻ അവരോട് മറുപടി പറഞ്ഞതോ താൻ സമിതിയിൽ പറഞ്ഞ തെളിവിന്റെ വെളിപ്പെടുത്തൽ ആകില്ല എന്ന വിശ്വാസത്തിലാണ് അത്തരത്തിലുള്ള മറുപടി നൽകിയതെന്ന് ശ്രീ. കെ. സുരേഷ് കുമാർ മറുപടി പറഞ്ഞു. പത്രപ്രവർത്തകർ ചോദിക്കുമ്പോൾ സമിതിയിൽ പറഞ്ഞ ഒരു കാര്യവും പുറത്തുപറയാൻ അവകാശമില്ല എന്നായിരുന്നു പറയേണ്ടിയിരുന്നതെന്നും അതിനുപകരം 'ഇല്ല' എന്നു മറുപടി നൽകുകവഴി കമ്മിറ്റിയിൽ പറഞ്ഞ കാര്യം പുറത്തു പറയുക തന്നെയാണ് ഉണ്ടായ തെന്നും സമിതി വിലയിരുത്തി. 'അസംബ്ലി കമ്മിറ്റിയുമായി റിലേറ്റഡായിട്ടല്ല മാധ്യമ പ്രവർത്തകർ തന്നോട് ചോദ്യം ചോദിച്ചത്' എന്ന സുരേഷ് കുമാറിന്റെ വാദത്തിന് അങ്ങനെയാണെങ്കിൽ തന്നെ ഒരു സമിതിയുടെ പരിഗണനയിലുള്ള വിഷയം സംബന്ധിച്ച് പുറത്തുപറയുന്നത് ശരിയല്ല. അതിനാൽ ഞാൻ പ്രതികരിക്കുന്നില്ല എന്നായിരുന്നു മറുപടി പറയേണ്ടിയിരുന്നത് എന്ന സമിതിയുടെ വിലയിരുത്തലിന് "അങ്ങനെ പറയാമായിരുന്നു" എന്ന് ശ്രീ. കെ. സുരേഷ് കുമാർ മറുപടി നൽകി.

സ്പീക്കർ നിയമിച്ച ഒരു സമിതിയുടെ ചെയർമാന്റെ നടപടികളെ കുറ്റപ്പെടു ത്തുന്നത് ഏറ്റവും വലിയ തെറ്റാണെന്നും സമിതിയോടുള്ള അവഹേളനവും സമീപനവും സഭയോടുള്ള അവഹേളനത്തിന് തുല്യമാണെന്നും സമിതി

നിരീക്ഷിച്ചു. ഇതു സംബന്ധിച്ച് കൂടുതലായി എന്തെങ്കിലും പറയാനുണ്ടോ എന്ന സമിതിയുടെ ചോദ്യത്തിന് ശ്രീ. കെ. സുരേഷ് കുമാർ ഇപ്രകാരം മറുപടി പറഞ്ഞു: "എന്നോട് പത്രക്കാർ ചോദിച്ച ചോദ്യത്തിന് ഞാൻ മറുപടി പറയുന്ന നിമിഷവും അതിനുശേഷം ഇറിടെ വിശദീകരണം നൽകിയപ്പോഴും നിയമസഭാ സമിതിയുടെ മുന്നിൽ കൊടുത്ത തെളിവ് റിവീൽ ചെയ്യലാണെന്ന വിശ്വാസത്തിലല്ല അത് ചെയ്തത്. ഇയാളെ നിയമിച്ചിട്ടുണ്ടോ എന്നുള്ള ചോദ്യത്തിന്, അന്നും ഇന്നും നാളെയും ഒറ്റ ഉത്തരമേയുള്ളൂ. നിയമസഭാ സമിതിയുടെ മുമ്പിൽ എന്താണ് പറഞ്ഞതെന്ന് എന്നോട് ചോദിച്ചതുമില്ല. അത് ഞാൻ റിവീൽ ചെയ്യരുതായിരുന്നു എന്നുള്ളൊരു റീഡിംഗുണ്ടെങ്കിൽ തീർച്ചയായിട്ടും അക്കാര്യത്തിൽ എനിക്ക് ഖേദമുണ്ട്".

മേൽപ്പറഞ്ഞ മറുപടിയിലും നിർവ്യാജമായ ഒരു ഖേദപ്രകടനമോ ക്ഷമാപണമോ ശ്രീ. സുരേഷ് കുമാറിന്റെ ഭാഗത്തു നിന്നും ഉണ്ടായിട്ടില്ല എന്നും ശ്രീ. വി. ഡി. സതീശൻ ചെയർമാനായ സമിതിയെക്കുറിച്ച് അദ്ദേഹം നൽകിയിട്ടുള്ള മറുപടിയിലാണ് ഖേദം പ്രകടിപ്പിച്ചിട്ടുള്ളതെന്നും പ്രിവിലേജസ്, എത്തിക്സ് കമ്മിറ്റിയിലേക്ക് ഈ വിഷയം റഫർ ചെയ്യാനുണ്ടായ സാഹചര്യങ്ങളെക്കുറിച്ച് ഇപ്പോഴും ശ്രീ. സുരേഷ് കുമാർ ഖേദപ്രകടനം നടത്തിയിട്ടില്ലെന്നും സമിതി വിലയിരുത്തി. അതിനുശേഷം മാധ്യമങ്ങളെ കണ്ടനാൾ മുതൽ ഇന്നുവരെയുള്ള നടപടികളിൽ മൊത്തത്തിൽ ഖേദപ്രകടനം നടത്തുന്നുണ്ടോ എന്ന് ശ്രീ. സുരേഷ് കുമാറിനോട് സമിതി ആരാഞ്ഞു. പ്രസ്തുത ചോദ്യത്തിന് 'ഖേദം പ്രകടിപ്പിക്കുന്നു' എന്ന് ശ്രീ. കെ. സുരേഷ് കുമാർ മറുപടി പറഞ്ഞു. ഈ വിഷയത്തിൽ സമിതി മുമ്പാകെ നേരിൽവന്ന് ഖേദം പ്രകടിപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ ശ്രീ. കെ. സുരേഷ് കുമാറിനെ തുടർനടപടികളിൽനിന്നും ഒഴിവാക്കുവാൻ സമിതി തീരുമാനിച്ചു.

(2) <u>ഗവൺമെന്റ് ചീഫ് വിപ്പ് ശ്രീ. പി. സി. ജോർജിനെതിരെ ശ്രീ. കോടിയേരി ബാലകൃഷ്ണൻ, എം.എൽ.എ. നൽകിയ പെരുമാറ്റച്ചട്ടലംഘന നോട്ടീസ്</u>

ഗവൺമെന്റ് ചീഫ് വിപ്പ് ശ്രീ. പി. സി. ജോർജിനെതിരെ ശ്രീ. കോടിയേരി ബാലകൃഷ്ണൻ, എം.എൽ.എ. നൽകിയ പെരുമാറ്റച്ചട്ടലംഘന നോട്ടീസിനെ സംബന്ധിച്ച് ചർച്ച ചെയ്യുന്നതിനുമുമ്പായി പ്രസ്തുത വിഷയം സംബന്ധിച്ച സി.ഡി. സമിതി ചെയർമാനും അംഗങ്ങളും വീക്ഷിക്കുകയും അതിനുശേഷം ചർച്ച ആരംഭിക്കുകയും ചെയ്തു.

ശ്രീ. പി. സി. ജോർജിന്റേത് തികച്ചും സ്വകാര്യ സംഭാഷണം മാത്രമാണെന്നും അത്തരത്തിൽ സംസാരിക്കേണ്ടിവന്നതിലേക്ക് അദ്ദേഹത്തെ നയിച്ച ചില കാര്യങ്ങൾ ഉണ്ടെന്നും സമിതി വിലയിരുത്തി. എന്നിരുന്നാലും സ്വകാര്യ സംഭാഷണത്തിലാണെങ്കിൽ പോലും ഒരു ഉത്തരവാദിത്വപ്പെട്ട സ്ഥാനത്തിരിക്കുന്ന വ്യക്തി എന്ന നിലയിൽ ഒരിക്കലും ഇത്തരം പദപ്രയോഗങ്ങൾ നടത്തുവാൻ പാടില്ലായിരുന്നുവെന്നും ഇത്തരത്തിലുള്ള സ്ഥാനത്തിരിക്കുന്ന സഭാംഗങ്ങൾ സഭയുടെ അന്തസ്സ് ഉയർത്തിക്കാട്ടുന്ന രീതിയിൽ പെരുമാറണമെന്ന് സമിതിയുടെ ശക്തമായ അഭിപ്രായമായിത്തന്നെ പറയണമെന്നും സമിതി അഭിപ്രായപ്പെട്ടു. കൂടാതെ സ്വകാര്യസംഭാഷണങ്ങൾ വാർത്തയാക്കുന്നത് ശരിയല്ലെന്നും സമിതി നിരീക്ഷിച്ചു.

തുടർന്ന് ഈ വിഷയത്തിൽ ആരോപണവിധേയനായ ഗവൺമെന്റ് ചീഫ് വിപ്പ് ശ്രീ. പി. സി. ജോർജിന്റെ ഭാഗം കേൾക്കേണ്ടതുണ്ടെന്നും അതിനുവേണ്ടി 2013 മേയ് 8-ാം തീയതി 11.00 മണിക്ക് ചേരുന്ന യോഗത്തിൽ ശ്രീ. പി. സി. ജോർജിനോട് സമിതി മുമ്പാകെ ഹാജരാകണമെന്ന് അറിയിക്കാനും സമിതി തീരുമാനിച്ചു.

സമിതി യോഗം ഉച്ചയ്ക്ക് 1.20-ന് പിരിഞ്ഞു.

അനുബന്ധം 4

## പതിമൂന്നാം കേരള നിയമസഭ

## പ്രിവിലേജസ്, എത്തിക്സ് എന്നിവ സംബന്ധിച്ച സമിതിയുടെ 2013 മേയ് 9-ാം തീയതിയിലെ യോഗനടപടിക്കുറിപ്പ്

പ്രിവിലേജസ്, എത്തിക്സ് എന്നിവ സംബന്ധിച്ച സമിതിയുടെ യോഗം 2013 മേയ് 9-ാം തീയതി വ്യാഴാഴ്ച രാവിലെ 11.00 മണിക്ക് നിയമസഭാ കോംപ്ലക്സിലെ V-B കോൺഫറൻസ് ഹാളിൽ സമിതി ചെയർമാൻ ശ്രീ. കെ. മുരളീധരൻ, എം. എൽ. എ.യുടെ അദ്ധ്യക്ഷതയിൽ ചേരുകയുണ്ടായി. യോഗത്തിൽ താഴെപ്പറയുന്ന അംഗങ്ങൾ സന്നിഹിതരായിരുന്നു:

1. ശ്രീമതി പി. അയിഷാ പോറ്റി
2. ശ്രീ. മാത്യു റ്റി. തോമസ്
3. ,, സാജു പോൾ
4. ,, ജി. സുധാകരൻ
5. ,, തോമസ് ഉണ്ണിയാടൻ

നിയമസഭാ സെക്രട്ടേറിയറ്റ്

1. ശ്രീ. തോമസ് ചെട്ടുപറമ്പിൽ, ഡെപ്യൂട്ടി സെക്രട്ടറി
2. ശ്രീമതി മഞ്ജു വർഗ്ഗീസ്, അണ്ടർ സെക്രട്ടറി.

ഹാജരായ നിയമസഭാംഗം

ശ്രീ. പി. സി. ജോർജ്, ഗവ. ചീഫ് വിപ്പ്.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ, എം. എൽ. എ. നൽകിയ പെരുമാറ്റച്ചട്ട ലംഘന നോട്ടീസിൻമേൽ ഗവ. ചീഫ് വിപ്പ് ശ്രീ. പി. സി. ജോർജിൽ നിന്നും സമിതി തെളിവെടുപ്പ് നടത്തി.

2013 മാർച്ച് 14-ന് ഗവൺമെന്റ് ചീഫ് വിപ്പ് ശ്രീ. പി. സി. ജോർജ് ഒരു ചാനലിന് നൽകിയ അഭിമുഖത്തിൽ പരേതനായ ടി. വി. തോമസ്, ശ്രീമതി കെ. ആർ. ഗൗരിയമ്മ, ശ്രീ. ആർ. ബാലകൃഷ്ണപിള്ള, ശ്രീ. കെ. ബി. ഗണേഷ് കുമാർ എന്നിവരെക്കുറിച്ച് നടത്തിയ പരാമർശങ്ങൾ പെരുമാറ്റച്ചട്ടലംഘനമാണെന്ന് കാണിച്ച് ശ്രീ. കോടിയേരി ബാലകൃഷ്ണൻ, എം. എൽ. എ. നൽകിയ നോട്ടീസും ഇതേ വിഷയത്തിൽ 15-3-2013-ന് സഭയിൽ ശ്രീ. പി. സി. ജോർജിനെതിരെ പ്രതിപക്ഷനേതാവും ഉപനേതാവും ഉന്നയിച്ചിട്ടുള്ള കാര്യങ്ങളും പരിശോധിച്ച് റിപ്പോർട്ട് ചെയ്യുന്നതിനായി ബഹു. സ്പീക്കർ പ്രിവിലേജസ്, എത്തിക്സ് എന്നിവ സംബന്ധിച്ച സമിതിക്ക് റഫർ ചെയ്തതായും നോട്ടീസിനോടൊപ്പം സമർപ്പിച്ചിരുന്ന ചാനൽ അഭിമുഖത്തിന്റെ

സി.ഡി. സമിതി പരിശോധിച്ചതായും ചെയർമാൻ ആമുഖമായി പറഞ്ഞു. സി.ഡി.യിൽ മോശമായ ചില പരാമർശങ്ങൾ വന്നിട്ടുള്ളതായി സമിതിക്ക് ഒരു ധാരണ ഉണ്ടായിട്ടുണ്ടെന്നും ഇപ്രകാരം സംഭവിക്കാനുണ്ടായ സാഹചര്യം സംബന്ധിച്ച് സമിതിക്ക് അറിയേണ്ടതുണ്ടെന്നും ചെയർമാൻ അറിയിച്ചു. നിയമസഭാംഗങ്ങൾ സഭയ്ക്ക് അകത്താണെങ്കിലും പുറത്താണെങ്കിലും സദാചാരപരമായി മാത്രമേ സംസാരിക്കുകയും പെരുമാറുകയും ചെയ്യുവാൻ പാടുള്ളൂ എന്ന് ബഹു. സ്പീക്കറുടെ റൂളിംഗ് ഉള്ളകാര്യം സമിതി ശ്രീ. പി. സി. ജോർജിന്റെ ശ്രദ്ധയിൽപ്പെടുത്തി.

നിയമസഭയുടെ ഒരു പരിച്ഛേദമായ സമിതി മുമ്പാകെ ഹാജരായി ആരോപണ വിഷയം സംബന്ധിച്ച സത്യം ബോധിപ്പിക്കുവാൻ അവസരം ലഭിച്ചതിൽ സന്തോഷമുണ്ടെന്ന് അറിയിച്ച ശ്രീ. പി. സി. ജോർജ് പരേതനായ ടി. വി. തോമസ്, ശ്രീമതി കെ. ആർ. ഗൗരിയമ്മ എന്നിവരെക്കുറിച്ച് താൻ നടത്തിയ പരാമർശങ്ങളെക്കുറിച്ച് വിശദീകരണം നൽകി. 1981-ൽ ഒരു സ്ത്രീ അവരുടെ കുട്ടി ശ്രീ. പി. സി. ജോർജിന്റേതാണെന്ന് പറഞ്ഞുകൊണ്ട് കോടതിയിൽ നൽകിയ കേസ്, കള്ളക്കേസാണെന്ന് തെളിഞ്ഞതിനാൽ പരാതിക്കാരിയായ സ്ത്രീയെ 3,000 രൂപയ്ക്ക് ശിക്ഷിച്ചിരുന്നു. 2013 മാർച്ച് 3-ാം തീയതിയിലെ 'മംഗളം' ദിനപത്രത്തിൽ വന്ന ഒരു വാർത്തയുമായി ബന്ധപ്പെട്ട് വാർത്തയിൽ പരാമർശവിധേയനായ മന്ത്രി, ശ്രീ. കെ. ബി. ഗണേഷ് കുമാറാണെന്ന് താൻ പത്രക്കാരോട് വെളിപ്പെടുത്തിയതുമായി ബന്ധപ്പെട്ടുണ്ടായ വാർത്തകളേയും ബഹളത്തേയും തുടർന്ന് ശ്രീമതി കെ. ആർ. ഗൗരിയമ്മ പ്രസ്തുത കള്ളക്കേസുമായി ബന്ധപ്പെടുത്തി തന്റെ മാന്യതയെ ചോദ്യം ചെയ്തും കേസിനാധാരമായ കുട്ടിയുടെ പിതൃത്വം സംബന്ധിച്ച് തന്നെ സംശയദൃഷ്ടിയിൽ നിർത്തുന്ന തരത്തിലും അഭിപ്രായപ്രകടനം നടത്തിയിരുന്നു. ശ്രീമതി ഗൗരിയമ്മ ഇത്തരത്തിൽ ഒരഭിപ്രായം പറഞ്ഞാൽ അത് ആരും വിശ്വസിച്ചുപോകും എന്നുള്ളതുകൊണ്ടും ഒരു പൊതുപ്രവർത്തകനായ തന്നെപ്പറ്റി വളരെ മോശമായ ഒരു ആരോപണമാണ് എന്നുള്ളതുകൊണ്ടും "അത് ഗൗരിയമ്മ ടി. വി. തോമസാണെന്ന് ഓർത്ത് പി. സി. ജോർജെന്ന് പറഞ്ഞുപോയതാണ്" എന്ന് ഒരു പൊതു വേദിയിൽ വച്ച് താൻ പറയുകയുണ്ടായെന്ന് ശ്രീ. പി. സി. ജോർജ് സമിതി മുൻപാകെ വെളിപ്പെടുത്തി. ഇത്തരത്തിലൊരു പരാമർശം പരേതനായ ടി.വി.തോമസിനെതിരെ പറഞ്ഞതിന് ആധാരമാക്കിയ കേരള സർക്കാരിന്റെ സാംസ്കാരിക വകുപ്പ് പ്രസിദ്ധീകരിച്ച ടി. വി. തോമസിനെക്കുറിച്ചുള്ള ഒരു പുസ്തകവും ശ്രീ. പി. സി. ജോർജ് സമിതി മുൻപാകെ പ്രദർശിപ്പിച്ചു. ടി. വി. തോമസിനെ താൻ അപമാനിച്ചിട്ടില്ലെന്നും സാംസ്കാരിക വകുപ്പ് പുറത്തിറക്കിയ 'ടി. വി. തോമസ്' എന്ന പുസ്തകത്തിൽ പറഞ്ഞിട്ടുള്ള കാര്യം താൻ ക്വാട്ട് ചെയ്യുകയാണുണ്ടായതെന്നും, ഗൗരിയമ്മയ്ക്ക് തെറ്റ് പറ്റിയതാണെന്നു മാത്രമേ പറഞ്ഞിട്ടുള്ളൂ എന്നും ശ്രീമതി ഗൗരിയമ്മയെ മോശക്കാരിയാക്കാൻ ഉദ്ദേശിച്ചില്ലെന്നും ശ്രീ. പി. സി. ജോർജ് സമിതിയെ അറിയിച്ചു.

ഈരാറ്റുപേട്ടയിലെ തന്റെ വീട്ടിലെത്തിയ പത്രക്കാർ താൻ നടത്തിയ ചില പരാമർശങ്ങളെക്കുറിച്ച് ചോദ്യങ്ങൾ ചോദിച്ചപ്പോൾ തനിക്ക് ഒരു അഭിപ്രായവുമില്ല, ഒന്നും പറയാൻ ഉദ്ദേശിക്കുന്നില്ല എന്ന് മറുപടി നൽകിയതായും അതിനുശേഷം 'ക്യാമറ ഇല്ലല്ലോ' എന്ന് ചോദിച്ച് സംസാരം റെക്കോർഡ് ചെയ്യുന്നില്ലെന്ന് ഉറപ്പാക്കിയശേഷം തികച്ചും സ്വകാര്യമായി പത്രക്കാരോട് ഒപ്പമിരുന്ന് സംസാരിക്കുകയും തമാശകളും

കൂട്ടത്തിൽ പല കാര്യങ്ങളും പറഞ്ഞതായും ശ്രീ. പി. സി. ജോർജ് സമിതിയോട് പറഞ്ഞു. എന്നാൽ തന്റെ സ്വന്തം ഗൃഹത്തിൽവച്ച് തികച്ചും സ്വകാര്യമായി പറഞ്ഞ കാര്യങ്ങൾ അനുമതികൂടാതെ ഒളിക്യാമറ വച്ച് പകർത്തി അത് മാധ്യമങ്ങളിലൂടെ പ്രക്ഷേപണം ചെയ്യുകയാണുണ്ടായതെന്നും ഈ പ്രവൃത്തി തന്നെ വളരെയധികം വേദനിപ്പിക്കുകയും ദുഃഖിപ്പിക്കുകയും ചെയ്തതായും തുടർന്ന് പറഞ്ഞു. ഈ വിഷയത്തിൽ തനിക്കുണ്ടായ മനോവിഷമം സമിതി വിലയിരുത്തണമെന്നും അദ്ദേഹം സമിതിയോട് അഭ്യർത്ഥിച്ചു. മാധ്യമങ്ങൾ പാലിക്കേണ്ട മര്യാദയെപ്പറ്റി കൂടി കമ്മിറ്റി പഠിച്ച് റിപ്പോർട്ട് കൊടുക്കണമെന്ന് അദ്ദേഹം സമിതിയോട് അഭ്യർത്ഥിച്ചു.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ നൽകിയ പരാതിയിൽ പറഞ്ഞിരിക്കുന്ന കാര്യങ്ങൾ തമാശയായി പറഞ്ഞതാണോ എന്ന സമിതിയുടെ ചോദ്യത്തിന് അതെയെന്നും പ്രസ്തുത പരാതി മുഴുവൻ അവാസ്തവമാണെന്നും ശ്രീ. പി. സി. ജോർജ് മറുപടി നൽകി പൊതുവേദിയിൽ ഗൗരിയമ്മയെപ്പറ്റി "ടി. വി. തോമസാണെന്ന് ഓർത്ത് പി. സി. ജോർജാണെന്ന് പറഞ്ഞതാണ് " എന്നല്ലാതെ മറ്റെന്തെങ്കിലും താൻ പറഞ്ഞതായി തെളിയിക്കാമെങ്കിൽ കമ്മിറ്റി നൽകുന്ന എന്തു ശിക്ഷയും സ്വീകരിക്കാൻ തയ്യാറാണെന്നും മറ്റുള്ള കാര്യങ്ങളെല്ലാം തന്റെ വീടിനകത്ത് ഇരുന്ന് സംസാരം റെക്കോർഡ് ചെയ്യപ്പെടുന്നില്ല എന്ന ബോദ്ധ്യത്തിൽ പറഞ്ഞതാണെന്നും പറഞ്ഞതിൽ നല്ല വാക്കുകളും മോശമായ വാക്കുകളും ഉണ്ടായിരുന്നുവെന്നും ശ്രീ. പി. സി. ജോർജ് സമിതിയോട് പറഞ്ഞു.

ശ്രീ. കോടിയേരി ബാലകൃഷ്ണന്റെ നോട്ടീസിന് ആസ്പദമായ സംഭവങ്ങൾക്ക് ശേഷം രണ്ട് ദിവസം കഴിഞ്ഞിട്ടാണ് പ്രസ്തുത വാർത്ത റിപ്പോർട്ടർ ചാനൽ പ്രസിദ്ധീകരിക്കുന്നതെന്നും ചാനലിനെതിരായി 10 കോടി രൂപയ്ക്ക് മാനനഷ്ടത്തിന് കേസ് ഫയൽ ചെയ്യാനായി നോട്ടീസ് അയച്ചിരിക്കുകയാണെന്നും ശ്രീമതി കെ. ആർ. ഗൗരിയമ്മയ്ക്കും നോട്ടീസ് അയച്ചിട്ടുണ്ടെന്നും ശ്രീ. പി. സി. ജോർജ് സമിതിയെ അറിയിച്ചു.

പൊതുപ്രവർത്തകർ എവിടെ ഇരുന്നാലും സംസാരത്തിലായാലും പെരുമാറ്റത്തിലായാലും നല്ല ക്വാളിറ്റി മെയിന്റയിൻ ചെയ്യണമെന്ന് തോന്നുന്നില്ലേ എന്ന സമിതിയുടെ ചോദ്യത്തിന് അപ്രകാരം തോന്നുന്നില്ലായെന്നും തികച്ചും സ്വകാര്യ സംഭാഷണങ്ങളിൽ പലതും കേൾക്കുകയും പറയേണ്ടിവരികയും ചെയ്യുമെന്നും അദ്ദേഹം വ്യക്തമാക്കി.

പെരുമാറ്റച്ചട്ടലംഘന നോട്ടീസിൽ ഉന്നയിച്ചിട്ടുള്ള പരാമർശങ്ങൾ അപ്പോഴത്തെ ദേഷ്യത്തിൽ പറഞ്ഞതാണോ എന്ന സമിതിയുടെ ചോദ്യത്തിന് "തനിക്ക് ദേഷ്യവുമില്ല വൈരാഗ്യവുമില്ല" എന്നുമാണ് ശ്രീ. പി. സി. ജോർജ് മറുപടി നൽകിയത്. ആരെപ്പറ്റിയും മോശമായി സംസാരിക്കുന്നത് ശരിയാണെന്ന് കരുതുന്നുണ്ടോ എന്ന ചോദ്യത്തിന് "മോശക്കാരെ മോശക്കാരായും നല്ലവരെ നല്ലവരായും പറയുന്നതാണ് ജനാധിപത്യത്തിലെ ശരിയെന്ന് എന്റെ മനഃസാക്ഷി എന്നോട് പറയുന്നു" എന്നുമാണ് ശ്രീ. പി. സി. ജോർജ് മറുപടി നൽകിയത്.

വളരെ സീനിയറായ ഒരു എം. എൽ. എ. എന്ന നിലയ്ക്ക് മാധ്യമങ്ങളോട് സംസാരിക്കുമ്പോൾ ശ്രദ്ധിക്കണം എന്ന സമിതിയുടെ വിലയിരുത്തലിനോട് യോജിച്ചു കൊണ്ട് തനിക്ക് ഒരു അബദ്ധം പറ്റിയതാണെന്ന് സമ്മതിക്കുന്നതായും ചാനൽ ഇപ്രകാരം ഒരു വാർത്ത സംപ്രേക്ഷണം ചെയ്യുമെന്ന് അറിയുമായിരുന്നെങ്കിൽ ഒരിക്കലും

അത്തരത്തിൽ സംഭവിക്കുകയില്ലായിരുന്നുവെന്നും ശ്രീ. പി. സി. ജോർജ് പറഞ്ഞു. ചാനലുകൾക്കൊപ്പം മലയാള മനോരമ പത്രം ഉൾപ്പെടെയുള്ള പത്രങ്ങളുടെ റിപ്പോർട്ടേഴ്സും ഉണ്ടായിരുന്നുവെങ്കിലും താൻ ഒന്നും പറയില്ല എന്നു പറഞ്ഞ് തുടങ്ങിയതിനാൽ വർത്തമാന പത്രങ്ങളിൽ ഒന്നും വാർത്ത വന്നിട്ടില്ല എന്നും ശ്രീ. പി. സി. ജോർജ് സമിതിയെ അറിയിച്ചു.

വാർത്ത ചാനലുകളിൽ വരുമെന്ന് ഉദ്ദേശിച്ചിരുന്നില്ലെങ്കിലും ചാനലുകളിൽ വരികയും സമൂഹത്തിൽ ചർച്ച ചെയ്യപ്പെടുകയും ചെയ്തതിനെത്തുടർന്ന് ശ്രീമതി ഗൗരിയമ്മയെപ്പോലെയൊരു നേതാവിനെ ഇങ്ങനെ കുറ്റപ്പെടുത്തിയതിൽ പശ്ചാത്താപമുണ്ടോ എന്ന് സമിതി ആരാഞ്ഞതിന് ശ്രീമതി ഗൗരിയമ്മയെ താൻ മോശമാക്കി പറഞ്ഞിട്ടില്ല എന്ന മുൻ നിലപാട് ശ്രീ. പി. സി. ജോർജ് ആവർത്തിച്ചു.

ചാനലിൽ വന്ന പരാമർശങ്ങൾ പെട്ടെന്നുണ്ടായ വികാര വിക്ഷോഭത്തിൽ പറഞ്ഞതല്ല എന്ന് സമിതിയോട് മുൻപ് പറഞ്ഞിട്ടുള്ളതിനാൽ പ്രസ്തുത പരാമർശങ്ങൾ പറയേണ്ടവ തന്നെയായിരുന്നു എന്ന് വിശ്വസിക്കുന്നുണ്ടോ എന്ന് സമിതി ആരാഞ്ഞതിന് അപ്രകാരം കരുതുന്നില്ലെന്നും സ്വകാര്യസംഭാഷണം റെക്കോർഡ് ചെയ്യപ്പെടുമെന്ന് കരുതിയിരുന്നില്ലെന്നും അങ്ങനെ അറിയുമായിരുന്നെങ്കിൽ ഇപ്രകാര മുള്ള പരാമർശങ്ങൾ നടത്തുകയില്ലായിരുന്നു എന്നും ശ്രീ. പി. സി. ജോർജ് മറുപടി നൽകി. താൻ മാധ്യമ പ്രവർത്തകരോട് പറഞ്ഞതായി സംപ്രേക്ഷണം ചെയ്യപ്പെട്ടതിൽ കൂടുതൽ കാര്യങ്ങൾ മാധ്യമപ്രവർത്തകർ തന്നോട് പങ്കുവച്ചിരുന്നുവെന്നും അദ്ദേഹം വെളിപ്പെടുത്തി.

ഇതേത്തുടർന്ന് സംഭവത്തോട് ബന്ധപ്പെട്ട എല്ലാ സംഭാഷണങ്ങളും ചാനൽ സംപ്രേക്ഷണം ചെയ്തിട്ടില്ല എന്ന് സമിതി വിലയിരുത്തി.

ശ്രീമതി ഗൗരിയമ്മ പറഞ്ഞ കാര്യത്തിന് മറുപടി എന്നുള്ള രീതിയിലാണെങ്കിലും, വീട്ടിലായിരുന്നാലും എവിടെവെച്ചായാലും, മാധ്യമപ്രവർത്തകർ റിപ്പോർട്ട് ചെയ്യില്ല എന്ന വിശ്വാസത്തിലായാലും ഇത്തരം സംഭാഷണങ്ങൾ ഒഴിവാക്കുകയല്ലേ വേണ്ടത് എന്ന സമിതി ചോദ്യത്തിന് തീർച്ചയായും ഒഴിവാക്കേണ്ടതാണെന്നും മേലിൽ ഇതാവർത്തിക്കുക യില്ലായെന്നും ശ്രീ. പി. സി. ജോർജ് മറുപടി നൽകി.

സ്വന്തം സംസാരശൈലി മാറ്റാൻ തയ്യാറുണ്ടോ എന്ന സമിതിയുടെ ചോദ്യത്തിന് അത് ഓരോരുത്തരുടേയും കാഴ്ചപ്പാടാണെന്നും സ്വതസിദ്ധമായ സംസാരശൈലി മാറ്റണ മെന്നാവശ്യപ്പെടുന്നത് ഉചിതമല്ലെന്നും ശ്രീ. പി. സി. ജോർജ് വ്യക്തമാക്കി. കൂടാതെ ഇത്തരം സംസാരശൈലി കാരണം ജനങ്ങളുടെ ഇടയിൽ പൊതുപ്രവർത്തകരെപ്പറ്റി തെറ്റായ ഇംപ്രഷൻ സൃഷ്ടിക്കുമെന്ന് കരുതുന്നില്ലെന്നും ഒരു ചോദ്യത്തിന് മറുപടിയായി അദ്ദേഹം പറഞ്ഞു.

ശ്രീ. പി. സി. ജോർജ് പറഞ്ഞത് തന്നെ വളരെ വേദനിപ്പിച്ചു എന്ന് ശ്രീമതി ഗൗരിയമ്മ പറയുകയുണ്ടായെന്നും ഇത്തരത്തിൽ ഗൗരിയമ്മയ്ക്ക് പ്രയാസം ഉണ്ടായതിൽ വേദന തോന്നുന്നുണ്ടോ എന്ന് സമിതി ആരാഞ്ഞതിന് ഇക്കാര്യത്തിൽ താൻ നിയമസഭയിൽ ക്ഷമ ചോദിച്ചതായി ശ്രീ. പി. സി. ജോർജ് മറുപടി നൽകി.

ശ്രീ. കോടിയേരി ബാലകൃഷ്ണന്റെ നോട്ടീസിന്റെ അടിസ്ഥാനത്തിൽ സ്പെസിഫിക്കായി എന്തെങ്കിലും പറയാനുണ്ടോ എന്ന സമിതിയുടെ ചോദ്യത്തിന് "ശ്രീ. കോടിയേരി ബാലകൃഷ്ണൻ പറയുന്നത് ഹിയർ സേയാണ്. പലരും പറയുന്നത് കേട്ടിട്ടുള്ള അദ്ദേഹത്തിന്റെ അഭിപ്രായമല്ലാതെ ക്രിയേറ്റീവല്ല. ആ സി. ഡി. തന്നെ തെറ്റാണെന്നതാണ് സത്യം. അല്ലെങ്കിൽ മറുപടി എഴുതിക്കൊണ്ടുവരുമായിരുന്നു." എന്ന് ശ്രീ. പി. സി. ജോർജ് സമിതിയോട് പറഞ്ഞു.

ചാനലിൽ കാണിച്ച വിഷയത്തോടുള്ള അഭിപ്രായമെന്താണ് എന്ന സമിതിയുടെ ചോദ്യത്തിന് ചാനലിനെതിരായി നടപടി സ്വീകരിക്കണമെന്ന് ശ്രീ. പി. സി. ജോർജ് ആവശ്യപ്പെട്ടു. പ്രസ്തുത വിഷയം സംപ്രേക്ഷണം ചെയ്യപ്പെടുന്ന സാഹചര്യം താനായിട്ട് സൃഷ്ടിച്ചതല്ല എന്നും താനൊരു പത്രക്കാരുടേയും ഓഫീസിലോ സ്റ്റുഡിയോയിലോ ചെന്ന് പറഞ്ഞകാര്യങ്ങളല്ല അതെന്നും സ്വന്തം ഗൃഹത്തിൽവച്ച് തനിക്ക് വേദനയുളവാക്കുന്ന ചില പരാമർശങ്ങൾ പത്രക്കാർ ചൂണ്ടിക്കാണിച്ചപ്പോൾ അപ്രകാരം സംഭവിച്ചു പോയതാണെന്നും അല്ലാതെ ആരേയും അപമാനിക്കണമെന്നോ മോശക്കാരനാക്കണമെന്നോ പരസ്യമായി അവഹേളിക്കണമെന്നോ ചിന്തിച്ചു പറഞ്ഞതല്ല എന്നും അദ്ദേഹം കൂട്ടിച്ചേർത്തു. കൂടാതെ അത് സംപ്രേക്ഷണം ചെയ്യപ്പെടുമെന്നും ഈ രീതിയിൽ എത്തിച്ചേരുമെന്നും അറിയാമായിരുന്നുവെങ്കിൽ "സത്യമായും അങ്ങനെ പറയില്ലായിരുന്നു" എന്നും "അത് പുറത്തുവന്നപ്പോൾ ഞാൻ അതീവ ദുഃഖിതനായി" എന്നും ശ്രീ. പി. സി. ജോർജ് സമിതി മുമ്പാകെ വെളിപ്പെടുത്തി.

ഇവിടെ പറഞ്ഞതിൽ കൂടുതലായി എന്തെങ്കിലും പറയാനുണ്ടോ എന്ന ചോദ്യത്തിന് "ഇല്ല, എന്റെ മനസ്സിലുണ്ടായ വേദന അത്ര വലുതാണ്. അതുകൂടി മനസ്സിൽ വച്ചുകൊണ്ട് രഹസ്യ സംഭാഷണത്തിൽ ഞാൻ പറഞ്ഞു പോയതാണ് ഇത്. അല്ലാതെ ഒരു പരസ്യവേദിയിലും ഞാൻ പറഞ്ഞിട്ടില്ല." എന്ന് ശ്രീ. പി. സി. ജോർജ് സമിതിയെ അറിയിച്ചു.

ശ്രീമതി ഗൗരിയമ്മയെ കണ്ട് ഖേദം പ്രകടിപ്പിക്കാൻ തയ്യാറുണ്ടോ എന്ന സമിതിയുടെ ചോദ്യത്തിന് അതിനുള്ള സാഹചര്യം നിലവിലില്ലെന്ന് ശ്രീ. പി. സി. ജോർജ് മറുപടി പറഞ്ഞു.

ചാനലിൽ സംപ്രേഷണം ചെയ്ത ക്ലിപ്പിംഗ്സ് കൃത്രിമമാണോ എന്നും വീട്ടിലിരുന്ന് പറഞ്ഞ കാര്യങ്ങൾ പൂർണ്ണമായി കാണിച്ചതായി കരുതുന്നുണ്ടോ എന്നുമുള്ള സമിതിയുടെ ചോദ്യത്തിന് താൻ ക്ലിപ്പിംഗ്സ് കണ്ടിട്ടില്ല എന്ന് ശ്രീ. പി. സി. ജോർജ് മറുപടി പറഞ്ഞു.

ഈ വിഷയം സംബന്ധിച്ച് കൂടുതലൊന്നും ചോദിക്കാനില്ല എന്ന് സമിതി അഭിപ്രായപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ശ്രീ. പി. സി. ജോർജ് സമിതിക്കും സമിതി ചെയർമാനും നന്ദി രേഖപ്പെടുത്തി ഹാളിൽ നിന്നും പുറത്തുപോയി.

ഏതു വേദിയിലും ഏതു സാഹചര്യത്തിലും സഭാംഗങ്ങൾ സഭയുടെ അന്തസ്സ് ഉയർത്തിക്കാട്ടുന്ന രീതിയിൽ മാത്രമേ സഭയ്ക്കകത്തും പുറത്തും പെരുമാറുവാൻ പാടുള്ളൂ എന്നുള്ളത് നിഷ്കർഷിക്കേണ്ടതാണ് എന്ന ശക്തമായ ഭാഷയിലുള്ള ഒരു ശിപാർശ ഇതു സംബന്ധിച്ച റിപ്പോർട്ടിൽ ഉൾപ്പെടുത്തേണ്ടതാണ് എന്ന് സമിതി

വിലയിരുത്തി. തുടർന്ന് സമിതിയുടെ അടുത്ത യോഗത്തിൽ ഈ വിഷയം സംബന്ധിച്ച റിപ്പോർട്ടിൽ ഉൾപ്പെടുത്തേണ്ട ശിപാർശകളെക്കുറിച്ച് ചർച്ച ചെയ്യാമെന്ന് തീരുമാനിച്ചു.

സമിതിയുടെ അടുത്ത യോഗം 29-5-2013-ന് തിരുവനന്തപുരത്തുവച്ച് ചേരുവാൻ സമിതി തീരുമാനിച്ചു.

യോഗം ഉച്ചയ്ക്കുശേഷം 12.10-ന് പിരിഞ്ഞു.

അനുബന്ധം 5

## പതിമൂന്നാം കേരള നിയമസഭ

## പ്രിവിലേജസ്, എത്തിക്സ് എന്നിവ സംബന്ധിച്ച സമിതിയുടെ 2013 നവംബർ 6-ാം തീയതിയിലെ യോഗനടപടിക്കുറിപ്പ്

പ്രിവിലേജസ്, എത്തിക്സ് എന്നിവ സംബന്ധിച്ച സമിതിയുടെ യോഗം 2013 നവംബർ മാസം 6-ാം തീയതി ബുധനാഴ്ച രാവിലെ 11 മണിക്ക് നിയമസഭാ കോംപ്ലക്സിലെ V B കോൺഫറൻസ് ഹാളിൽ സമിതി ചെയർമാൻ ശ്രീ. കെ. മുരളീധരൻ, എം.എൽ.എ.യുടെ അദ്ധ്യക്ഷതയിൽ ചേരുകയുണ്ടായി. യോഗത്തിൽ താഴെപ്പറയുന്ന അംഗങ്ങൾ സന്നിഹിതരായിരുന്നു:

1. ശ്രീ. സി. മമ്മൂട്ടി, എം.എൽ.എ.
2. ശ്രീ. മാത്യു റ്റി. തോമസ്, എം.എൽ.എ.
3. ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ, എം.എൽ.എ.
4. ശ്രീ. സാജു പോൾ, എം.എൽ.എ.
5. ശ്രീ. ജി. സുധാകരൻ, എം.എൽ.എ.
6. ശ്രീ. തോമസ് ഉണ്ണിയാടൻ, എം.എൽ.എ.

നിയമസഭാ സെക്രട്ടേറിയറ്റ്:

1. ശ്രീ. കെ. സി. ജോസഫ് കുട്ടി, അഡീഷണൽ സെക്രട്ടറി
2. ശ്രീ. തോമസ് ചെട്ടുപറമ്പിൽ, ഡെപ്യൂട്ടി സെക്രട്ടറി.

ഗവൺമെന്റ് ചീഫ് വിപ്പ് ശ്രീ. പി. സി. ജോർജിനെതിരെ ശ്രീ. കോടിയേരി ബാലകൃഷ്ണൻ, എം.എൽ.എ. നൽകിയ പെരുമാറ്റച്ചട്ടലംഘന നോട്ടീസിന്മേലുള്ള റിപ്പോർട്ടിൽ ഉൾപ്പെടുത്തേണ്ട ശിപാർശകൾ സംബന്ധിച്ച് സമിതി ചർച്ച ചെയ്തു.

ബഹു. പ്രതിപക്ഷ ഉപനേതാവ് ശ്രീ. കോടിയേരി ബാലകൃഷ്ണൻ, എം.എൽ.എ. നൽകിയ പെരുമാറ്റച്ചട്ടലംഘന നോട്ടീസിന്മേൽ ഗവ. ചീഫ് വിപ്പ് ശ്രീ. പി. സി. ജോർജ് സമിതി മുൻപാകെ ഹാജരാകുകയും വിശദീകരണം നൽകുകയും ചെയ്ത സാഹചര്യത്തിൽ മേൽവിഷയം സംബന്ധിച്ച് അടിയന്തരമായി തീരുമാനം എടുക്കേണ്ടതുണ്ടെന്ന് സമിതി ചെയർമാൻ ആമുഖമായി പറഞ്ഞു. തുടർന്ന് ഗവ. ചീഫ് വിപ്പ് ശ്രീ. പി. സി. ജോർജ് 9-5-2013-ൽ സമിതി മുമ്പാകെ നൽകിയ വിശദീകരണം സംബന്ധിച്ച് സമിതി ചർച്ച ചെയ്തു.

ശ്രീ. പി. സി. ജോർജ് നടത്തിയ പരാമർശങ്ങൾ ന്യായീകരിക്കാനാവുന്നതല്ലെന്ന് സമിതി അഭിപ്രായപ്പെട്ടു. അദ്ദേഹത്തിന്റെ വിശദീകരണം തൃപ്തികരമല്ലെന്ന് സമിതി വിലയിരുത്തി. ഒരു നിയമസഭാ സാമാജികനിൽ നിന്നും മാന്യമായതും ഉത്തരവാദിത്വത്തോടെയുമുള്ള പെരുമാറ്റമാണ് ജനങ്ങൾ പ്രതീക്ഷിക്കുന്നതെന്നും സമിതി നിരീക്ഷിച്ചു. ഭാവിയിൽ നിയമസഭാംഗം എന്ന ബഹുമാന്യമായ പദവിക്ക് കോട്ടം തട്ടുന്ന

രീതിയിലുള്ള പെരുമാറ്റം ആവർത്തിക്കാതിരിക്കുവാൻ ശ്രീ. പി. സി. ജോർജിന് ശക്തമായ താക്കീത് നൽകുവാൻ ബഹു. സ്പീക്കറോട് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു. താക്കീതിനു പകരം ശ്രീ. പി. സി. ജോർജിനെ സഭയിൽ നിന്നും സസ്പെന്റ്ചെയ്യുന്നതിന് ശിപാർശ ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ ജി. സുധാകരൻ, മാത്യു റ്റി. തോമസ്, സാജു പോൾ എന്നീ അംഗങ്ങൾ തീരുമാനത്തോട് വിയോജിക്കുകയും ചെയ്തു.

2013 ഡിസംബർ ആദ്യവാരം നടത്താനുദ്ദേശിക്കുന്ന അഖിലേന്ത്യാ പഠന പര്യടന പരിപാടിയുടെ കരട് തയ്യാറാക്കാൻ സമിതി നിയമസഭാ സെക്രട്ടേറിയറ്റിനെ ചുമതലപ്പെടുത്തി.

യോഗം രാവിലെ 11.35-ന് പിരിഞ്ഞു.

അനുബന്ധം 6

**ഗവൺമെന്റ് ചീഫ് വിപ്പ് ശ്രീ. പി. സി. ജോർജിനെതിരെ ശ്രീ. കോടിയേരി ബാലകൃഷ്ണൻ ഉന്നയിച്ച പെരുമാറ്റച്ചട്ടലംഘനത്തെക്കുറിച്ചുള്ള പ്രിവിലേജ്, എത്തിക്സ് കമ്മിറ്റിയുടെ റിപ്പോർട്ടിനുള്ള വിയോജനക്കുറിപ്പ്**

ഒരു ജീവിതകാലം മുഴുവനും നിസ്വാർത്ഥവും ത്യാഗനിർഭരവുമായ പൊതുപ്രവർത്തനത്തിന് നീക്കിവെച്ച സർവ്വാദരണീയരായ ശ്രീമതി കെ. ആർ. ഗൗരിയമ്മയെയും പരേതനായ ടി. വി. തോമസിനെയും കുറിച്ച് ഗവൺമെന്റ് ചീഫ് വിപ്പ് ശ്രീ. പി. സി. ജോർജ് ദൃശ്യമാധ്യമങ്ങളിലൂടെ പൊതുപ്രവർത്തകരുടെ അന്തസ്സിനും ധാർമ്മിക മൂല്യങ്ങൾക്കും നിരക്കാത്ത രീതിയിൽ നടത്തിയ പരാമർശം സംബന്ധിച്ച് ശ്രീ. കോടിയേരി ബാലകൃഷ്ണൻ ഉന്നയിച്ച പരാതിയിന്മേൽ സമിതി നടത്തിയ പരിശോധനയെത്തുടർന്ന് ചെയർമാൻ തയ്യാറാക്കിയ റിപ്പോർട്ട് വസ്തുതകൾ യഥാതഥം ഉൾക്കൊള്ളിക്കാത്തതിനാൽ ഞങ്ങൾ വിയോജിപ്പ് രേഖപ്പെടുത്തുന്നു.

ബഹുമാനപ്പെട്ട സ്പീക്കർ നിയമസഭയിൽ ചൂണ്ടിക്കാണിച്ചതുപോലെ സഭാംഗങ്ങൾക്ക് ഭരണഘടനാനുസൃതമായി ലഭിച്ചിട്ടുള്ള വിശേഷാവകാശങ്ങളും അധികാരങ്ങളും സഭാംഗങ്ങളെ മറ്റുള്ളവരിൽനിന്നും വ്യത്യസ്തരാക്കുകയും അതുവഴി കൂടുതൽ ഉത്തരവാദിത്വത്തോടെ പെരുമാറുന്നതിനും സംസാരിക്കുന്നതിനും അവരെ ബാധ്യസ്ഥരാക്കുകയും ചെയ്യുന്നു.

അംഗങ്ങളുടെ പെരുമാറ്റത്തെ സംബന്ധിച്ച് ശക്തർ & കൗളിന്റെ പ്രാക്ടീസ് & പ്രൊസീഡ്യൂർ ഓഫ് പാർലമെന്റ്-ൽ ഇങ്ങനെ പറയുന്നു.

"In order to maintain the highest traditions in parliamentary life, members of parliament are expected to observe a certain standard of conduct, both inside the house as well as outside it. Their behaviour should be such as to enhance the dignity of Parliament and its members in general. The conduct of members should not be contrary to the usage, or derogatory to the dignity of the house or in any way inconsistent with the standards which parliament in entitled to expect of its members" (Chapter XII)

അതായത് നിയമനിർമ്മാണ സഭയിലെ അംഗങ്ങൾ സഭയുടെയും അതിലെ അംഗങ്ങളുടെയും അന്തസ്സ് ഉയർത്തിക്കാട്ടുന്ന രീതിയിൽ മാത്രമേ സഭയ്ക്ക് പുറത്ത് പെരുമാറാൻ പാടുള്ളൂവെന്നാണ്. എന്നുമാത്രമല്ല, ഓരോ അംഗത്തിന്റെയും പെരുമാറ്റത്തെ സംബന്ധിച്ച് പരിശോധിക്കാനും അത് സഭയുടെ അന്തസിന് നിരക്കാത്ത രീതിയിലാണെങ്കിൽ പ്രസ്തുത അംഗത്തെ ശിക്ഷിക്കാനുള്ള അധികാരവും ഈ സഭയ്ക്ക് ഉണ്ട്. ഇതു സംബന്ധിച്ച് ശക്തർ & കൗൾ വിശദമായിത്തന്നെ പരാമർശിച്ചിട്ടുണ്ട്. അതിൽ ഇങ്ങനെ പറയുന്നു:

"the extend and amplitude of the words "conduct of a member" have not been defined exhaustively, and it is within the powers of the house in each case

to determine whether a member has acted in an unbecoming manner or has acted in a manner unworthy of a Member of Parliament. Thus, even though the facts of a particular case do not come within any of the recognised heads of breach of privilege or contempt of the house, the conduct of a member may be considered by the house as unbecoming and derogatory to the dignity of the house.

The house has the right to punish its members for their misconduct. It exercises its jurisdiction of scrutiny over its members for their conduct whether it takes place inside or outside the house".

കേരള നിയമസഭാംഗങ്ങളുടെ പെരുമാറ്റച്ചട്ടത്തിലെ ചട്ടം 50 സാമാജികർ തങ്ങളുടെ സ്ഥാനം ജനങ്ങളുടെ പൊതുനന്മ വളർത്തുന്നതിന് ഉപയോഗിക്കണമെന്നും, പൊതുജീവിതത്തിൽ ഉയർന്ന നിലവാരത്തിലുള്ള സാന്മാർഗികതയും നിലനിർത്തണമെന്ന് വ്യക്തമായി നിഷ്കർഷിക്കുന്നുണ്ട്. നിയമസഭാ സാമാജികർ വാക്കിലും പ്രവൃത്തിയിലും എപ്പോഴും ഉന്നതനിലവാരം പുലർത്താൻ ബാധ്യസ്ഥരാണ്. അതിന് മങ്ങലേൽപ്പിക്കുന്ന പ്രവൃത്തികൾ ഉണ്ടാകുന്നത് അംഗങ്ങളുടെയും അതുവഴി സഭയുടെയും അന്തസ്സിനെ ഹനിക്കുന്നതാണ്. ജനാധിപത്യ സ്ഥാപനത്തിലെ ജനങ്ങളുടെ വിശ്വാസമാണ് പ്രസ്തുത സ്ഥാപനങ്ങളുടെ നിലനിൽപ്പിന് അത്യന്താപേക്ഷിതമായ കാര്യം. ഈ വിശ്വാസത്തിന് കോട്ടം തട്ടുന്നത് ജനാധിപത്യ സ്ഥാപനങ്ങളുടെ ആണിക്കല്ലിന് ഇളക്കമുണ്ടാക്കും.

2013 മാർച്ച് 14-ാം തീയതി ഗവൺമെന്റ് ചീഫ് വിപ്പ് ശ്രീ. പി. സി. ജോർജ് റിപ്പോർട്ടർ ചാനലിന് നൽകിയ അഭിമുഖത്തിൽ ഈ സഭയിലെ മുൻ അംഗവും മുൻ മന്ത്രിയുമായിരുന്ന പരേതനായ ടി. വി. തോമസിനെയും വളരെക്കാലം അംഗവും മന്ത്രിയുമായിരുന്ന ശ്രീമതി കെ. ആർ. ഗൗരിയമ്മയെയും ഏറ്റവും ജുഗുപ്സാവഹമായ പരാമർശങ്ങൾ നടത്തി. അതിൽ അച്ചടിക്കാവുന്ന പ്രയോഗങ്ങൾ താഴെ കൊടുക്കുന്നു:

"എനിക്ക് ആരെയും പേടിയില്ല (ഗൗരിയമ്മയെ തെറി). ടി. വി. തോമസിന് നാടുനീളെ മക്കളുണ്ടായിരുന്നു. അതുപോലെ പി. സി. ജോർജിനില്ല.......... " അഭിമുഖത്തിലെ പരാമർശങ്ങൾ പിറ്റേദിവസത്തെ മാധ്യമങ്ങളിൽ അച്ചടിച്ചുവന്നു. മ്ലേച്ഛമായ പരാമർശങ്ങൾക്ക് മാധ്യമങ്ങളിലൂടെ വലിയ പ്രചാരം ലഭിക്കുകയുണ്ടായി.

ഇതിനെത്തുടർന്നാണ് പ്രതിപക്ഷ ഉപനേതാവ് ശ്രീ. കോടിയേരി ബാലകൃഷ്ണൻ സഭയിൽ ഉന്നയിച്ച പരാതി പരിശോധിച്ച് റിപ്പോർട്ട് ചെയ്യുന്നതിനായി നിയമസഭാ നടപടിച്ചട്ടം 250(2), 250(3)(സി) എന്നീ ചട്ടപ്രകാരം ബഹു. സ്പീക്കർ ഈ സമിതിക്ക് അയച്ചു.

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടം 250(2) പ്രകാരം ബഹു. സ്പീക്കർ റഫർ ചെയ്യുന്നതും നിയമസഭയ്ക്ക് അകത്തുംപുറത്തും അംഗങ്ങളുടെ അധാർമ്മികവും സഭാചട്ടവിരുദ്ധവുമായ നടപടികളെ സംബന്ധിക്കുന്നതുമായ സംഗതികൾ ഈ കമ്മിറ്റി പരിശോധിക്കേണ്ടതാണ്. പ്രസ്തുത പരിശോധനയ്ക്കുശേഷം ആരോപണത്തിൽ കഴമ്പുണ്ടെന്നുകണ്ടാൽ റിപ്പോർട്ടുകളുടെ രൂപത്തിൽ നിർദ്ദേശങ്ങൾ നൽകുകയും വേണം.

ഇതനുസരിച്ച് 15-4-2013-ൽ ചേർന്ന സമിതി യോഗത്തിൽ ഈ വിഷയം പരിഗണിക്കുകയും പ്രസ്തുത ആരോപണങ്ങളുമായി ബന്ധപ്പെട്ട വിഷയങ്ങളെ സംബന്ധിച്ച് ഗവൺമെന്റ് ചീഫ് വിപ്പ് ശ്രീ. പി. സി. ജോർജിൽ നിന്നു നേരിട്ട് തെളിവെടുപ്പ് നടത്താൻ തീരുമാനിക്കുകയും ചെയ്തു. സമിതിയുടെ നിർദ്ദേശപ്രകാരം ശ്രീ. പി. സി. ജോർജ് 9-5-2013-ൽ സമിതി മുമ്പാകെ ഹാജരായി തെളിവു നൽകി.

ചെയർമാൻ എന്ന നിലയിൽ ആദ്യമായി ശ്രീ. കെ. മുരളീധരൻ ചോദിച്ച ചോദ്യത്തിനുള്ള മറുപടിയിൽ ശ്രീ. പി. സി. ജോർജ് പ്രസ്തുത പരാമർശങ്ങൾ നടത്തിയതായി സമ്മതിച്ചു. തുടർന്ന് സർവ്വശ്രീ ജി. സുധാകരൻ, മാത്യു റ്റി. തോമസ്, സാജു പോൾ, ശ്രീമതി പി. അയിഷാ പോറ്റി എന്നിവരുടെ ചോദ്യങ്ങൾക്ക് മറുപടിയായി താനീക്കാര്യങ്ങളെല്ലാം വീട്ടിൽവന്ന മാധ്യമ പ്രവർത്തകരുമായി സ്വകാര്യ സംഭാഷണത്തിൽ പറഞ്ഞതാണെന്നും അതിൽ എനിക്ക് യാതൊരു ഖേദവുമില്ലെന്നും അത് ഗ്രാമീണനായ തന്റെ ശൈലിയാണെന്നും ഇതുമൂലം പൊതുപ്രവർത്തകർക്ക് യാതൊരുവിധ മാനഹാനിയും ഉണ്ടായിട്ടില്ലെന്നും തന്റെ ശൈലി മാറ്റാനുദ്ദേശിക്കുന്നില്ലെന്നും മൊഴി നൽകുകയുണ്ടായി. ടി. വി. തോമസിനെക്കുറിച്ച് താൻ പറഞ്ഞതെല്ലാം ശരിയാണെന്നും, കൈക്കുഞ്ഞുമായി തന്നെയന്വേഷിച്ച് നിയമസഭാ മന്ദിരത്തിൽ വന്നുവെന്ന പരാമർശം ടി. വി. തോമസിനു പകരമായി തന്റെ പേർ പരാമർശിച്ചത് ഗൗരിയമ്മയ്ക്ക് ഓർമ്മക്കുറവുള്ളതുകൊണ്ടാണെന്നും പറയുകയുണ്ടായി. സമിതി അംഗങ്ങൾക്ക് നൽകിയ 9-5-2013-ലെ യോഗത്തിന്റെ സംഗ്രഹത്തിൽ "കൂടാതെ ശ്രീ. പി. സി. ജോർജ്, പൊതുവേദിയിൽ പരസ്യമായിട്ടല്ല അത്തരം പരാമർശങ്ങൾ നടത്തിയതെന്നും, സ്വന്തം ഗൃഹത്തിൽ തികച്ചും സ്വകാര്യമായ സംഭാഷണ വേളയിൽ, റിക്കോർഡ് ചെയ്യപ്പെടുന്നില്ല എന്ന ബോധ്യത്തിലാണ് ചർച്ചാ വിഷയമായ പരാമർശങ്ങൾ നടത്തിയത് എന്നും സമിതിക്ക് ബോദ്ധ്യപ്പെട്ടു" എന്ന പരാമർശം വസ്തുതാവിരുദ്ധമാണ്. സമിതി മുമ്പാകെ ശ്രീ. പി. സി. ജോർജ് ഇങ്ങനെ അഭിപ്രായപ്പെടുക മാത്രമാണ് ഉണ്ടായത്. സമിതിയുടെ തീരുമാനമല്ല.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ തന്റെ പരാതിയിൽ ചൂണ്ടിക്കാണിച്ചതുപോലെ ഇതിനു മുമ്പും ശ്രീ. പി. സി. ജോർജ് ബഹുജനനേതാക്കളെ വ്യക്തിഹത്യ നടത്താനും ബ്ലാക്ക്മെയിൽ ചെയ്യാനും ശ്രമിച്ചിട്ടുണ്ട്. ഈ സഭയിലെ ഒരു മുതിർന്ന അംഗത്തെ ജാതി പറഞ്ഞ് ആക്ഷേപിക്കുകയും പ്രതിപക്ഷാംഗങ്ങളെ തെണ്ടികൾ എന്ന് അഭിസംബോധന ചെയ്തിട്ടുമുണ്ട്. ബഹു. മുഖ്യമന്ത്രിപോലും ശ്രീ. പി. സി. ജോർജിനെ നിയന്ത്രിക്കുന്നതിന് നിസ്സഹായത പ്രകടിപ്പിച്ചു കഴിഞ്ഞു. ഇതിന് സമാനമാണ് കമ്മിറ്റിയുടെ മുമ്പാകെ താൻ നടത്തിയ പരാമർശങ്ങൾ ശരിവെയ്ക്കുകവഴി ശ്രീ. പി. സി. ജോർജ് ചെയ്തത്. അതുകൊണ്ടുതന്നെ കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിൽ നിർദ്ദേശിച്ചിട്ടുള്ള ശിക്ഷയ്ക്ക് ശ്രീ. പി. സി. ജോർജ് അർഹനാണ്.

എന്നാൽ തെളിവെടുപ്പിൽ വെളിപ്പെട്ട കാര്യങ്ങൾക്ക് വിരുദ്ധമായി തയ്യാറാക്കിയ റിപ്പോർട്ട് നിയമസഭാ സമിതിയുടെ പ്രസക്തി ചോദ്യം ചെയ്യുന്നതാണ്. തെളിവെടുപ്പ് സമയത്ത് ചെയർമാനുൾപ്പെടെ രണ്ടുപേർ മാത്രമുണ്ടായിരുന്ന ഭരണകക്ഷിയംഗങ്ങൾ ശ്രീ. പി. സി. ജോർജിനെ രക്ഷിക്കാനായി തയ്യാറാക്കിയ റിപ്പോർട്ട് രാഷ്ട്രീയ പ്രേരിതമാണ്. നേരിയ ഭൂരിപക്ഷം മാത്രമുള്ള യു. ഡി. എഫ്. സർക്കാരിനെ

നിലനിർത്താനായി ശ്രീ. പി. സി. ജോർജ് ചെയ്തിട്ടുള്ള സേവനത്തിന് പ്രതിഫലമായി അദ്ദേഹത്തെ കുറ്റവിമുക്തനാക്കിയിരിക്കുകയാണ് ഈ റിപ്പോർട്ടിൽ.

പരമോന്നത ഭരണഘടനാ സ്ഥാപനമായ സഭയുടെ അന്തസ്സ് കാത്തു സൂക്ഷിക്കേണ്ടത് പരമപ്രധാനമായതിനാൽ കേരള നിയമസഭാംഗങ്ങൾക്കുള്ള പെരുമാറ്റച്ചട്ടം 53(ഇ) അനുശാസിക്കുംവിധം സഭയുടെ സേവനത്തിൽ നിന്ന് അടുത്ത ഒരു സമ്മേളന കാലയളവിൽ ശ്രീ. പി. സി. ജോർജിനെ സസ്പെന്റ് ചെയ്യണമെന്ന് ശിപാർശ ചെയ്യുന്നു.

1. ജി. സുധാകരൻ (ഒപ്പ്)
2. മാത്യു റ്റി. തോമസ് (ഒപ്പ്)
3. സാജു പോൾ (ഒപ്പ്)

അനുബന്ധം 7

## പതിമൂന്നാം കേരള നിയമസഭ

## പ്രിവിലേജസ്, എത്തിക്സ് എന്നിവ സംബന്ധിച്ച സമിതിയുടെ 2014 ഫെബ്രുവരി 5-ാം തീയതിയിലെ യോഗനടപടിക്കുറിപ്പ്

പ്രിവിലേജസ്, എത്തിക്സ് എന്നിവ സംബന്ധിച്ച സമിതിയുടെ യോഗം 2014 ഫെബ്രുവരി മാസം 5-ാം തീയതി ബുധനാഴ്ച നിയമസഭാ സമ്മേളനത്തിനുശേഷം വൈകുന്നേരം 6.30-ന് നിയമസഭാ കോംപ്ലക്സിലെ V B കോൺഫറൻസ് ഹാളിൽ സമിതി ചെയർമാൻ ശ്രീ. കെ. മുരളീധരൻ, എം.എൽ.എ.യുടെ അദ്ധ്യക്ഷതയിൽ ചേരുകയുണ്ടായി. യോഗത്തിൽ താഴെപ്പറയുന്ന അംഗങ്ങൾ സന്നിഹിതരായിരുന്നു:

1. ശ്രീമതി. പി. അയിഷാ പോറ്റി
2. ശ്രീ. സി. മമ്മൂട്ടി
3. ശ്രീ. മോൻസ് ജോസഫ്
4. ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ
5. ശ്രീ. സാജു പോൾ
6. ശ്രീ. ജി. സുധാകരൻ
7. ശ്രീ. തോമസ് ഉണ്ണിയാടൻ

നിയമസഭാ സെക്രട്ടേറിയറ്റ്:

1. ശ്രീ. തോമസ് ചെട്ടുപറമ്പിൽ, ഡെപ്യൂട്ടി സെക്രട്ടറി
2. ശ്രീ. പി. വി. ചന്ദ്രദാസ്, അണ്ടർ സെക്രട്ടറി.

ഗവൺമെന്റ് ചീഫ് വിപ്പ് ശ്രീ. പി. സി. ജോർജിനെതിരെ ശ്രീ. കോടിയേരി ബാലകൃഷ്ണൻ, എം.എൽ.എ. നൽകിയ പെരുമാറ്റച്ചട്ടലംഘന നോട്ടീസിന്മേൽ തയ്യാറാക്കിയ കരട് റിപ്പോർട്ട് സമിതി പരിഗണിക്കുകയും മൂന്ന് സമിതി അംഗങ്ങൾ നൽകിയിരുന്ന വിയോജനക്കുറിപ്പ് കരട് റിപ്പോർട്ടിൽ ഉൾപ്പെടുത്താതിരുന്നത് സംബന്ധിച്ച് ചർച്ച നടത്തുകയും ചെയ്തു. അംഗങ്ങൾക്ക് നൽകിയിരുന്ന കരട് റിപ്പോർട്ടിനോടൊപ്പം വിയോജനക്കുറിപ്പ് കൂടി ഉൾപ്പെടുത്താമായിരുന്നു എന്ന് സമിതി അഭിപ്രായപ്പെട്ടു.

കീഴ്വഴക്കമനുസരിച്ച് കരട് റിപ്പോർട്ടിന്മേലാണ് വിയോജനക്കുറിപ്പ് സാധാരണ നൽകാറുള്ളതെന്നും പ്രസ്തുത റിപ്പോർട്ട് പരിഗണിക്കുന്ന യോഗത്തിലാണ് വിയോജനം രേഖപ്പെടുത്തുന്നതും അതിനാൽ ഇന്നത്തെ യോഗത്തിലാണ് വിയോജനം ഔദ്യോഗികമായി രേഖപ്പെടുത്തേണ്ടതെന്നും നിയമസഭാ സെക്രട്ടേറിയറ്റ് വിശദീകരിച്ചു. റിപ്പോർട്ടിനോടൊപ്പം വിയോജനക്കുറിപ്പുകൂടി ഉള്ളടക്കം ചെയ്യുന്നതിന് സമിതി നിർദ്ദേശിച്ചു.

ഗവ. ചീഫ് വിപ്പ് ശ്രീ. പി. സി. ജോർജിന് കരട് റിപ്പോർട്ടിൽ ശിപാർശ ചെയ്തിട്ടുള്ള തിലും കുറഞ്ഞ ശിക്ഷ നൽകണമെന്ന് സമിതി അംഗം ശ്രീ. തോമസ് ഉണ്ണിയാടൻ, എം.എൽ.എ. അഭിപ്രായപ്പെട്ടു. ശ്രീ. പി. സി. ജോർജ് തെറ്റു ചെയ്തെന്ന് സമിതി കണ്ടെത്തിയതായും അദ്ദേഹം ചെയ്ത തെറ്റിന് കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളുടെ അനുബന്ധം II-ൽ സൂചിപ്പിച്ചിട്ടുള്ള ശിക്ഷകളിൽ ഏറ്റവും കുറഞ്ഞ ശിക്ഷയായിട്ടാണ് അദ്ദേഹത്തെ താക്കീത് ചെയ്യാൻ ശിപാർശ ചെയ്തതെന്നും സമിതി ചെയർമാൻ വ്യക്തമാക്കി. "താക്കീത് നൽകണം" എന്ന ഭാഗം ഒഴിവാക്കി പകരം "ഉപദേശം നൽകണം" എന്നാക്കി മാറ്റാൻ കഴിയുമോ യെന്ന് പരിശോധിക്കണമെന്ന് ശ്രീ. തോമസ് ഉണ്ണിയാടൻ, എം.എൽ.എ. ആവശ്യപ്പെട്ടു. ശ്രീമതി ഗൗരിയമ്മയെക്കുറിച്ചും പരേതനായ ടി. വി. തോമസിനെക്കുറിച്ചും ശ്രീ. പി. സി. ജോർജ് പറഞ്ഞ കാര്യങ്ങളാണ് സമിതി പ്രധാനമായും പരിഗണിച്ച തെന്നും, ചാനലുകളിലൂടെ തന്നെക്കുറിച്ച് മോശമായി പറഞ്ഞതുകൊണ്ടാണ് ശ്രീമതി ഗൗരിയമ്മയെകുറിച്ച് പരാതിക്ക് ആധാരമായ വിധത്തിൽ പറയാനിടയായതെന്ന ശ്രീ. പി. സി. ജോർജിന്റെ വികാരം സമിതി മാനിച്ചുവെന്നും എന്നാൽ ഇതിൽ കക്ഷിയല്ലാത്ത പരേതനായ ടി. വി. തോമസിനെപ്പറ്റി നടത്തിയ പരാമർശങ്ങൾ ന്യായീകരിക്കാ നാവുന്നതല്ലെന്നും, ഒരു മഹത്‌വ്യക്തിയെപ്പറ്റി ഒരു മാസികയിൽ വന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഉത്തരവാദപ്പെട്ട ഒരു നിയമസഭാംഗം മോശമായി പറയാൻ പാടില്ലെന്നു കണ്ടാണ് സമിതി ശ്രീ. പി. സി. ജോർജിന് താക്കീത് നൽകുവാൻ ശിപാർശ ചെയ്യാൻ തീരുമാനിച്ചതെന്നും ചെയർമാൻ വ്യക്തമാക്കി.

ശ്രീ. പി. സി. ജോർജ് അത്തരത്തിൽ സംസാരിക്കാനുണ്ടായ സാഹചര്യംകൂടി കണക്കിലെടുത്തു കൊണ്ടുവേണം ഒരു തീരുമാനത്തിലെത്തേണ്ടതെന്നും അദ്ദേഹത്തിന്റെ സ്വകാര്യ സംഭാഷണമാണ് ദൃശ്യമാധ്യമങ്ങൾ സംപ്രേഷണം ചെയ്തതെന്നും റിപ്പോർട്ടിൽ അതുകൂടി ഉൾപ്പെടുത്തണമായിരുന്നെന്നും കരട് റിപ്പോർട്ടിലെ "താക്കീത് നൽകണമെന്ന" ശിപാർശ മാറ്റി "ഉപദേശം നൽകണമെന്ന്" ശിപാർശ ചെയ്യണമെന്നതാണ് തങ്ങളുടെ അഭിപ്രായമെന്നും, ഇപ്രകാരം റിപ്പോർട്ട് ഭേദഗതി വരുത്താൻ സാധിക്കുമോ എന്ന് പരിശോധിക്കണമെന്നും സമിതി അംഗങ്ങളായ സർവ്വശ്രീ തോമസ് ഉണ്ണിയാടൻ, മോൻസ് ജോസഫ് എന്നിവർ ആവശ്യപ്പെട്ടു.

ശ്രീ. പി. സി. ജോർജ് ചെയ്തത് തെറ്റാണെന്ന കാര്യത്തിൽ എല്ലാ അംഗങ്ങളും യോജിക്കുന്നുവെങ്കിലും അദ്ദേഹത്തിന് നൽകേണ്ട ശിക്ഷയെ സംബന്ധിച്ച് അംഗങ്ങളിൽ വ്യത്യസ്ത അഭിപ്രായമുള്ളതായി സമിതി ചെയർമാൻ നിരീക്ഷിച്ചു. 6-11-2013-ലെ യോഗത്തിൽ സമിതി ചെയർമാനായ താനും, സമിതി അംഗങ്ങളായ ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ, ശ്രീ. സി. മമ്മൂട്ടി എന്നിവരും ശ്രീ. പി. സി. ജോർജിന് താക്കീത് നൽകണമെന്നും, സർവ്വശ്രീ മാത്യു റ്റി. തോമസ്, സാജു പോൾ, ജി. സുധാകരൻ എന്നീ അംഗങ്ങൾ അദ്ദേഹത്തെ സസ്പെന്റ് ചെയ്യണമെന്നും അഭിപ്രായപ്പെട്ടിരുന്നതായും ചെയർമാൻ ചൂണ്ടികാട്ടി. ഇന്നത്തെ യോഗത്തിൽ സമിതി അംഗങ്ങളായ ശ്രീ. മോൻസ് ജോസഫും ശ്രീ. തോമസ് ഉണ്ണിയാടനും ഇതിൽ നിന്നും വ്യത്യസ്തമായി താക്കീതിനു പകരം ഉപദേശം മതിയെന്ന് അഭിപ്രായപ്പെട്ടിരിക്കുന്നതിനാൽ പ്രസ്തുത അംഗങ്ങളുടെ

അഭിപ്രായങ്ങളുംകൂടി ഉൾപ്പെടുത്തി കരട് റിപ്പോർട്ടിൽ മാറ്റം വരുത്തുവാൻ കഴിയുമോയെന്ന് പരിശോധിക്കുന്നതിനും മാറ്റം വരുത്തുവാൻ തടസ്സമില്ലെങ്കിൽ അപ്രകാരം റിപ്പോർട്ടിൽ ഭേദഗതിവരുത്തുന്നതിനും അല്ലാത്തപക്ഷം അത് മിനിറ്റ്സിൽ മാത്രം ഉൾപ്പെടുത്തുന്നതിനും സമിതി തീരുമാനിക്കുകയും ചെയ്തു.

യോഗം വൈകിട്ട് 7.10-ന് പിരിഞ്ഞു.

അനുബന്ധം 8

## പതിമൂന്നാം കേരള നിയമസഭ

## പ്രിവിലേജസ്, എഥിക്സ് എന്നിവ സംബന്ധിച്ച സമിതിയുടെ 2015 ജൂൺ 16-ാം തീയതിയിലെ യോഗനടപടിക്കുറിപ്പിന്റെ പ്രസക്തഭാഗങ്ങൾ

പ്രിവിലേജസ്, എഥിക്സ് എന്നിവ സംബന്ധിച്ച സമിതിയുടെ യോഗം 2015 ജൂൺ മാസം 16-ാം തീയതി ചൊവ്വാഴ്ച രാവിലെ 11 മണിക്ക് നിയമസഭാ കോംപ്ലക്സിലെ 5 A കോൺഫറൻസ് ഹാളിൽ സമിതി ചെയർമാൻ ശ്രീ. കെ. മുരളീധരൻ, എം.എൽ.എ.യുടെ അദ്ധ്യക്ഷതയിൽ ചേരുകയുണ്ടായി. യോഗത്തിൽ താഴെപ്പറയുന്ന അംഗങ്ങൾ സന്നിഹിതരായിരുന്നു:

1. ശ്രീ. സി. മമ്മൂട്ടി
2. ശ്രീ. മോൻസ് ജോസഫ്
3. ശ്രീ. കെ. സുരേഷ് കുറുപ്പ്.

നിയമസഭാ സെക്രട്ടേറിയറ്റ്:

1. ശ്രീ. തോമസ് ചെട്ടുപറമ്പിൽ, ജോയിന്റ് സെക്രട്ടറി
2. ശ്രീ. എ. ഷാജഹാൻ, ഡെപ്യൂട്ടി സെക്രട്ടറി
3. ശ്രീ. പി. വി. ചന്ദ്രദാസ്, അണ്ടർ സെക്രട്ടറി.

**മുൻ ഗവ. ചീഫ് വിപ്പ് ശ്രീ. പി. സി. ജോർജിനെതിരായി പ്രതിപക്ഷ ഉപനേതാവ് ശ്രീ. കോടിയേരി ബാലകൃഷ്ണൻ നൽകിയ പെരുമാറ്റച്ചട്ടലംഘന നോട്ടീസ്**

മുൻ ചീഫ് വിപ്പ് ശ്രീ. പി. സി. ജോർജിനെതിരായി പ്രതിപക്ഷ ഉപനേതാവ് ശ്രീ. കോടിയേരി ബാലകൃഷ്ണൻ നൽകിയ പെരുമാറ്റച്ചട്ടലംഘന നോട്ടീസിന്മേൽ സമിതിയുടെ ശിപാർശകൾ തീരുമാനിക്കുന്നതിനായി 5-2-2014-ൽ ചേർന്ന സമിതി യോഗത്തിലെ നടപടികൾ ചെയർമാൻ വിശദീകരിച്ചു. പ്രതിപക്ഷ ഉപനേതാവ് നൽകിയ പരാതി എന്ന നിലയ്ക്ക് ശ്രീ. പി. സി. ജോർജിന് താക്കീത് തന്നെ നൽകേണ്ടതാണെന്നും ഇത് സംബന്ധിച്ച സമിതിയുടെ റിപ്പോർട്ട് നടപ്പ് സമ്മേളനത്തിൽ സഭയിൽ സമർപ്പിക്കണമെന്നും സമിതി തീരുമാനിക്കുകയും റിപ്പോർട്ട് അംഗീകരിക്കുകയും ചെയ്തു.

യോഗം രാവിലെ 11.45-ന് പിരിഞ്ഞു.